# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കട്ടിപ്പാറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAKKD-P1/172/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 24/02/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കട്ടിപ്പാറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കട്ടിപ്പാറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കട്ടിപ്പാറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAKKD-P1/172/23 തീയ്യതി: 24/02/2023

## കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 17-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. കെ.പി രത്നസിംഗ് | ഡെപ്യൂട്ടി ഡയരക്ടർ | 18-01-2023 | 25-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 18-01-2023 | 25-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ബാലകൃഷ്ണൻ കെ.എം,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. ജയകുമാർ പാലോളി, അസി.ഓഡിറ്റ് ഓഫീസർ,
ശ്രീ. ദേവാനന്ദ് ടി,സീനിയർ ഗ്രേഡ് ഓഡിറ്റർ,
ശ്രീ. വിജേഷ് കെ.കെ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| മോയത്ത് മുഹമ്മദ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| എം.എ. റഷീദ് | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| പി.വി ശ്രീകുമാർ | അസി.സെക്രട്ടറി | 01-04-2021 | 31-03-2022 |
| ജ്യോതി വി ദേവ് | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ.ഷാദിയ എ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ.പ്രവീൺ കെ | മെഡിക്കൽ ഓഫീസർ,ഗവ. ആയുർവ്വേദ ആശുപത്രി | 01-04-2021 | 31-03-2022 |
| ഡോ.നസ്രുൽ ഇസ്ലാം | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2021 | 31-03-2022 |
| ഷൈജ പി കോടിവീട്ടിൽ | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2021 | 16-11-2021 |
| നിഷ നമ്പാപൊയിൽ | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 17-11-2021 | 31-03-2022 |
| ലിസ്സി എം.പി | ഹെഡ്മിസ്ട്രസ് | 01-04-2021 | 31-03-2022 |
| സുരേഷ് കെ.പി | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| സിന്ധു കെ | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| റുമൈസ പി.എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 18-04-2021 |
| സെസ്സിൻ ജോസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 19-04-2021 | 31-03-2022 |
| മെർലിൻ അലക്സ് | ഫിഷറീസ് ഓഫീസർ | 01-04-2021 | 31-03-2022 |
| ജീന കെ | അസി.എഞ്ചിനീയർ | 01-04-2021 | 02-06-2021 |
| അഹമ്മദ് മുനീർ എം | അസി.എഞ്ചിനീയർ | 03-06-2021 | 31-03-2022 |
| മുഹമ്മദ് ഫൈസൽ കെ.കെ | കൃഷി ഓഫീസർ | 01-04-2021 | 30-09-2021 |
| മനോജ് പി.ആർ | കൃഷി ഓഫീസർ | 01-10-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ | 1-5 |
| 7 | പദ്ധതി അവലോകനം | 1-6 |
| 8 | ക്യാഷ് പരിശോധന | 1-7 |
| 9 | ഗ്രാമപഞ്ചായത്തിൽ ലൈസൻസില്ലാതെ സ്ഥാപനം പ്രവർത്തിക്കുന്നു | 1-8 |
| 10 | ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് ബത്തനൽകൽ -അർഹരായവർക്ക് മുഴുവൻ ആനുകൂല്യങ്ങളും നൽകിയില്ല. | 1-9 |
| 11 | വേനൽക്കാല കുടിവെള്ളവിതരണം- വിതരണം ചെയ്ത വെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തിയില്ല. | 1-10 |
| 12 | മിൽക്ക് ഇൻസെന്റീവ് -ക്ഷീരകർഷകർക്ക് പദ്ധതി പ്രകാരം വകയിരുത്തിയ നിരക്ക് നൽകിയില്ല. | 1-11 |
| 13 | വനിതാഘടക പദ്ധതികളുടെ രൂപീകരണ നിർവ്വഹണത്തിലെ അപാകതകൾ. | 1-12 |
| 14 | വെറ്റിനറി സർജൻ നിർവ്വഹണം ചെയ്ത പദ്ധതികളുടെ ചെലവ് വിവരം ഹാജരാക്കിയില്ല | 1-13 |
| 15 | അനുമതിപത്രങ്ങൾ പുതുക്കി ഹാജരാക്കാത്ത സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദ് ചെയ്യുന്നില്ല. | 1-14 |
| 16 | നിയമോപദേശത്തിന് അനുവദനീയമായതിനേക്കാൾ കൂടുതൽ ഫീസ് നൽകി | 1-15 |
| 17 | പൗരാവകാശരേഖ പുതുക്കൽ - അപാകതകൾ | 1-16 |
| 18 | കുഴൽ കിണർ നിർമ്മാണപദ്ധതികൾ ലക്ഷ്യം കണ്ടില്ല. | 1-17 |
| 19 | മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഇ-ടെണ്ടർഫീ പഞ്ചായത്തിന് ലഭിച്ചില്ല. | 1-18 |
| 20 | സംയുക്തപരിശോധന നടത്താതെ വെള്ളക്കരം അടവാക്കുന്നു | 1-19 |
| 21 | അളവുപുസ്തകങ്ങൾ സ്റ്റോക്കിലെടുക്കുന്നതിലും വിതരണം ചെയ്യുന്നതിലും കൃത്യതയില്ല | 1-20 |
| 22 | പദ്ധതി നിർവ്വഹണത്തിനായി പന്ത്രണ്ട് വർഷം മുൻപ് നൽകിയ മുൻകൂർ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചില്ല. | 1-21 |

| | | |
|---|---|---|
| 23 | കോടതി കേസുകൾ കൈകാര്യം ചെയ്യുന്നതിൽ അപാകത | 1-22 |
| 24 | മാറ്റി വയ്ക്കപ്പെട്ട ശമ്പളവിഹിതം സർക്കാർ നിർദ്ദേശം പാലിക്കാതെ തിരികെ നൽകി | 1-23 |
| 25 | കാരപ്പറ്റ ലക്ഷം വീട് പൊതു കിണർ നവീകരണം- ചെയ്യാത്ത പ്രവൃത്തിയ്ക്ക് തുക നൽകി | 1-24 |
| 26 | എം.സി.എഫ് സംരക്ഷണ ഭിത്തി നിർമ്മാണം-പദ്ധതി നിർവ്വഹണത്തിലെ അപാകത | 1-25 |
| 27 | അമ്പായത്തോട് കുടിവെള്ള പദ്ധതി നവീകരണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-26 |
| 28 | വട്ടപ്പൊയിൽ നടവഴി കോൺക്രീറ്റ്-പദ്ധതി ഫലപ്രാപ്തിയിലെത്തിയില്ല | 1-27 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | കാരപ്പറ്റ ലക്ഷം വീട് പൊതു കിണർ നവീകരണം- ചെയ്യാത്ത പ്രവൃത്തിയ്ക്ക് തുക നൽകി | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് 16.02.2021 ലെ 1-ാം നമ്പർ തീരുമാനപ്രകാരവും, പുതുക്കിയ ബജറ്റ് 25.03.2022 ലെ 1-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം | വാർഷിക കണക്ക് പ്രകാരം | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 7023582 | 16396520 | + 9372938 |
| വരവ് | 182700487 | 87990258 | - 94710229 |
| ആകെ | 189724069 | 104386778 | - 85337291 |
| ചെലവ് | 186571100 | 82198757 | - 104372343 |
| നീക്കിയിരിപ്പ് | 3152969 | 21888021 | + 18735052 |

യാഥാർത്ഥ്യ ബോധത്തോടെയല്ല ബജറ്റ് തയ്യാറാക്കിയിരിക്കുന്നത് എന്ന് ബജറ്റിലെയും വാർഷിക കണക്കിലെയും തുകകൾ തമ്മിലുള്ള വലിയ അന്തരത്തിൽ നിന്ന് വ്യക്തമാകുന്നു.
വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം സൂക്ഷിക്കേണ്ടതുണ്ട്.

1. ബജറ്റ് പ്രസംഗം
2. ബജറ്റ് കുറിപ്പുകൾ
3. ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും
4. പെർഫോമൻസ് ബജറ്റ്
5. ജെൻഡർ ബജറ്റ്

എന്നാൽ 2021-2022 സാമ്പത്തിക വർഷത്തിൽ മേൽ സൂചിപ്പിച്ച രേഖകൾ പ്രത്യേകം ബജറ്റ് ഡോക്യുമെന്റ് ആയി സൂക്ഷിച്ചിട്ടില്ല. ബജറ്റ് രൂപീകരണത്തിലുണ്ടായ മേൽ അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 12.05.2022 |

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

കട്ടിപ്പാറ ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) വാർഷിക കണക്ക് ബാലൻസ് ഷീറ്റിലെ B4 സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവഴിയ്ക്കാൻ അവശേഷിക്കുന്ന ചുവടെ പട്ടികയിൽ കൊടുത്ത തുകകളും ഷീറ്റിലെ B17 പ്രകാരമുള്ള നീക്കിയിരിപ്പ് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഫണ്ട് ഇനം | B4 | B17 |
|---|---|---|
| ശുചിത്വ മിഷൻ ഗ്രാന്റ് | 2693592 | 1643520 |
| ലൈഫ് സ്റ്റേറ്റ് ഷെയർ | 203879 | 291399 |
| സംയുക്ത പ്രോജക്ടുകൾക്കായുള്ള നീക്കിയിരിപ്പ് | 0 | 63851 |

2) വാർഷിക കണക്ക് ബാലൻസ് ഷീറ്റ് B4 സ്റ്റേറ്റ്മെന്റ് പ്രകാരം ബെനിഫിഷ്യറി കോൺട്രിബ്യൂഷൻ ഇനത്തിൽ 40969/-രൂപ നീക്കിയിരിപ്പുണ്ട്. ഇത് ഏത് ഇനത്തിലെ പദ്ധതിയുടെ ഭാഗമായ വിഹിതമിനത്തിലെ നീക്കിയിരിപ്പാണ് എന്ന് വ്യക്തമാക്കിയിട്ടില്ല.

3) തനത് ഫണ്ട് മാന്വൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ലേല രജിസ്റ്റർ, വസ്തുനികുതി ഡി.സി.ബി സ്റ്റേറ്റ്മെന്റ് എന്നിവ സെക്രട്ടറി പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4) വാർഷിക കണക്ക് RP-43 പ്രകാരം വസ്തുനികുതി റസിഡൻഷ്യൽ ഇനത്തിലെ വരവ് 11,36,026/-രൂപയാണ്. എന്നാൽ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം വരവ് 11,37,348/-രൂപയാണ്.

5) ടെണ്ടർ ഫോം ഷെഡ്യൂൾ ഇനത്തിൽ 68,960/-രൂപ വരവുണ്ട്. എന്നാൽ ഇത് വ്യക്തമാക്കുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

6) അസിസ്റ്റന്റ് എഞ്ചിനിയർ ഇ-ടെണ്ടർ ചെയ്യുമ്പോഴത്തെ ടെണ്ടർ ഫീ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്കാണ് പോവുന്നത്. ഇത് നാളിതുവരെ പഞ്ചായത്ത് അക്കൗണ്ടിലേക്ക് വരവ് കൊണ്ടുവന്നിട്ടില്ല. നാളിതുവരെ ഈ ഇനത്തിൽ ലഭ്യമാവാനുള്ള തുകയുടെ വ്യക്തമായ കണക്ക് രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കുകയോ ഇത് വാർഷിക കണക്കിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

7) 2021-22 ൽ തൊഴിലുറപ്പ് വിഭാഗം ഇ-ടെണ്ടർ ചെയ്ത തുക ഏത് അക്കൗണ്ടിലേക്കാണ് പോവുന്നത് എന്ന് വ്യക്തമാക്കിയിട്ടില്ല. ഇത് MGNREGA അക്കൗണ്ടിലേക്ക് വരവ് വന്നിട്ടുണ്ടോ എന്ന് ഇതിനാൽ ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

8) 16-11-2020 മുതൽ 19-11-2020 വരെയുള്ള തീയതികളിലായി 89,000/-രൂപ ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ വരവുണ്ട്. എന്നാൽ ഇത് നാളിതുവരെ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.

9) B 17 പ്രകാരം കെ.ഡി.സി ബാങ്ക്, താമരശ്ശേരിയിലെ ഇ.എം.എസ് ലോൺ അക്കൗണ്ട് നം 6113 ൽ 96,402/-രൂപ നീക്കിയിരിപ്പുണ്ട്. ഇ.എം.എസ് ലോൺ തിരിച്ചടവ് പൂർത്തിയായതിനാലും നിലവിൽ ഈ അക്കൗണ്ടിൽ ട്രാൻസാക്ഷൻ ഇല്ലാത്തതിനാലും പലിശ വരവ് മാത്രമുള്ള ഈ അക്കൗണ്ട് ക്ലോസ് ചെയ്ത് തനത്ഫണ്ടിൽ മുതൽക്കൂട്ടാവുന്നതും അക്കൗണ്ട് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

10) വസ്തുനികുതി ഇ-പെയ്മെന്റ് സംവിധാനം ഉപയോഗിച്ച് നികുതി അടവാക്കുന്ന മുഴുവൻ നികുതികളും യഥാസമയം ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ആവുന്നില്ല.

11) അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

12) ബാലൻസ് ഷീറ്റിലെ ബി-11 ഷെഡ്യൂളുമായി താരതമ്യം ചെയ്യത്തക്ക രീതിയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തികളുടെ ഡിപ്രീസിയേഷൻ കണക്കാക്കിയതിന് വർക്ക് ഷീറ്റ് വെച്ചിട്ടില്ല.

13) ബി-14 പ്രകാരം ക്ലോസിംഗ് സ്റ്റോക്ക് മൂല്യം 34,848/-രൂപയാണ്. എന്നാൽ ഇതിന്റെ ആധികാരികത ഉറപ്പ് വരുത്തുന്ന രീതിയിൽ സ്റ്റോക്ക് രജിസ്റ്റർ വാല്യൂ ബേസ്ഡ് ആക്കി സൂക്ഷിച്ചിട്ടില്ല.

14) താഴ്വാരം അങ്കണവാടി കുഴൽക്കിണർ നിർമ്മാണത്തിനായി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ 2020-21 ൽ 41,665/-രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ഇത് വാർഷിക കണക്കിൽ അഡ്വാൻസ് ഹെഡിൽ കൊണ്ടുവന്നിട്ടില്ല.

അപാകതകൾക്ക് മറുപടി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (1/21-22) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 16396520 |
| വരവ് | 87990258 |
| ആകെ | 104386778 |
| ചെലവ് | 82198757 |
| നീക്കിയിരിപ്പ് | 22188021 |

## 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവഴിക്കാത്ത തുക |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ)(ACRപ്രകാരം) | 0 | 15196232 | 15196232 | 15195784 | 448 |
| വികസന ഫണ്ട് (എസ് സി പി)(ACRപ്രകാരം) | 0 | 6971838 | 6971838 | 6971838 | 0 |
| വികസന ഫണ്ട്- സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) ട്രഷറി മുഖേന | 0 | 664438 | 664438 | 620469 | 43969 |
| വികസന ഫണ്ട് - സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied)ട്രഷറി മുഖേന | 0 | 6034206 | 6034206 | 4305580 | 1728626 |
| വികസന ഫണ്ട്- സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) PFMS മുഖേന | 0 | 3187000 + 58184(പലിശ) | 3245184 | 3179139 (Bank Charge-133/-) | 66045 |
| വികസന ഫണ്ട് - സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied)PFMS മുഖേന | 0 | 4780000 | 4780000 | 1771192 | 3008808 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | - | 6760000 | 6760000 | 6371596 | 388404 |
| മെയിന്റനൻസ്, നോൺ – റോഡ് (ACRപ്രകാരം) | - | 8508921 | 8508921 | 5730380 | 2778541 |

| | | | | | |
|---|---|---|---|---|---|
| എം.ജി.എൻ.ആർ.ഇ.ജി.എസ് (തൊഴിലാളികളുടെ കൂലി) | 0 | 30976318 | 30976318 | 30976318 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് (അഡ്മിനിസ്ട്രേറ്റീവ് ചെലവ്) | 424648 | 736052 | 1160700 | 1158282 | 2418 |
| എം.പി. ഫണ്ട് | 38809 | 498138 | 536947 | 0 | 536947 |
| ദുരിതാശ്വാസ നിധി | 60352 | 1753 | 62105 | 118 | 61987 |

## 1-5 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

സർക്കാർ ഉത്തരവ് (കൈ) 16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ.കെ.എം. തയ്യാറാക്കിയ കട്ടിപ്പാറ ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ കാണുന്നു.

ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), മെയിന്റനൻസ് ഫണ്ട്(നോൺ-റോഡ്), മെയിന്റനൻസ് ഫണ്ട്(റോഡ്) എന്നിവയുടെ ആകെ അടങ്കൽ (അലോക്കേഷൻ) ഐ.കെ.എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് വിനിയോഗ പത്രികയിലെ തുക | ഐ.കെ.എം. ചെലവ് പത്രികയിലെ തുക |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 90061192 | 19413768 |
| വികസനഫണ്ട് (എസ്.സി.പി) | 36506916 | 8659496 |
| വികസനഫണ്ട് (ടി.എസ്.പി) | 1627262 | 755000 |
| മെയിന്റനൻസ് ഫണ്ട്(നോൺ-റോഡ്) | 14729921 | 8558921 |

2) വികസനഫണ്ട്(ജനറൽ), വികസനഫണ്ട്(എസ്.സി.പി),വികസനഫണ്ട് (ടി.എസ്.പി), മെയിന്റനൻസ് ഫണ്ട്(നോൺ-റോഡ്), ഇനങ്ങളിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുക രേഖപ്പെടുത്തിയതിന് ആധികാരികതയില്ല. ആയവ സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.
അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-6 പദ്ധതി അവലോകനം

തൻവർഷം 168 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 143 പ്രൊജക്ടുകൾ നടപ്പിലാക്കി. 25 പ്രൊജക്ടുകൾ നടപ്പിലാക്കിയില്ല. വികസന ഫണ്ടിനത്തിൽ ചെലവഴിച്ച തുകയുടെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട് | 0 | 15196232 | 15196232 | 15195784 | 448 | 99.99 |

| | | | | | | |
|---|---|---|---|---|---|---|
| (ജനറൽ) | | | | | | |
| വികസന ഫണ്ട് (എസ്.എസ്.പി) | 0 | 6971838 | 6971838 | 6971838 | - | 100 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 619531 | 619531 | 618195 | 1336 | 99.78 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) ട്രഷറി മുഖേന | 0 | 664438 | 664438 | 620469 | 43969 | 93.38 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied)ട്രഷറി മുഖേന | 0 | 6034206 | 6034206 | 4305580 | 1728626 | 71.35 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) PFMS മുഖേന | 0 | 3187000<br>58184 (പലിശ) | 3245184 | 3179139 | 66045 | 97.96 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied)PFMS മുഖേന | 0 | 4780000 | 4780000 | 1771192 | 3008808 | 37 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 6760000 | 6760000 | 6371596 | 388404 | 94.25 |
| മെയിന്റനൻസ്, നോൺ – റോഡ് | 0 | 8508921 | 8508921 | 5730380 | 2778541 | 67.34 |
| ആകെ | 0 | 52780350 | 52780350 | 44764173 | 8016177 | 84.81 |

വികസന ഫണ്ടിനത്തിൽ ലഭിച്ച തുകയിൽ 84.81 ശതമാനം തുകയാണ് ചെലവഴിച്ചത്. എസ്.സി.പി ഫണ്ട് മുഴുവൻ ചെലവഴിച്ചിട്ടുണ്ട്. ടി.എസ്.പി ഫണ്ട് 99.78 ശതമാനം ചെലവഴിച്ചിട്ടുണ്ട്. വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ട്രഷറി മുഖേന ലഭിച്ചത്) എന്നീ ഇനങ്ങളിൽ ലഭിച്ച തുകയിൽ 4941324 രൂപ ചെലവഴിക്കാതെ നഷ്ടപ്പെടുത്തിയിട്ടുണ്ട്. അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പിലാക്കാത്തതും ലഭിച്ച ഫണ്ട് മുഴുവൻ ചെലവാക്കാത്തതും കാരണം പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനം യഥാസമയം ലഭിക്കാതിരിക്കുകയും ലഭിച്ച ഫണ്ട് നഷ്ടപ്പെടുന്നതിനും ഇടയാക്കി. അംഗീകാരം ലഭിച്ച മുഴുവൻ പദ്ധതികളും നടപ്പിലാക്കുന്നുവെന്നും ലഭിച്ച തുക മുഴുവൻ ചെലവാക്കുന്നുവെന്നും ഭാവിയിൽ ഉറപ്പു വരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയും സ്റ്റാന്റിംഗ്കമ്മിറ്റികളും ആവശ്യമായ ഇടപെടൽ നടത്തേണ്ടതാണ്.

അന്തിമ പദ്ധതി രേഖയിൽ ഉൾപ്പെടാത്ത പ്രൊജക്ടുകൾ നടപ്പിലാക്കി

അന്തിമ പദ്ധതിരേഖ പരിശോധിച്ചതിൽ 106 പുതിയ പ്രൊജക്ടുകൾക്ക് 2021-22 വർഷം വികസന സെമിനാറിൽ അംഗീകാരം നൽകിയിട്ടുണ്ട്. എന്നാൽ ഐ.കെ.എം ചെലവ് പത്രിക പ്രകാരം 147 പുതിയ പ്രൊജക്ടുകൾ ഉൾപ്പെടെ 168 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതായി കാണുന്നു. അന്തിമ പദ്ധതി രേഖയിൽ ഉൾപ്പെടാത്ത പ്രൊജക്ടുകൾക്കും അംഗീകാരം ലഭിച്ചതായി കാണുന്നു. ഗ്രാമസഭയുടെ അംഗീകാരം നേടിയ പദ്ധതികളാണ് അന്തിമ പദ്ധതി രേഖയിൽ ഉൾപ്പെട്ടിരിക്കുന്നത്. അന്തിമ പദ്ധതി രേഖയിൽ ഉൾപ്പെടാത്ത പദ്ധതികൾ നടപ്പാക്കുന്നത് ജനകീയാസൂത്രണത്തിന്റെ അടിസ്ഥാന സങ്കൽപ്പങ്ങൾക്കും 09.01.2017 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 10/2017 ലെ പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ നിർദ്ദേശങ്ങൾക്കും എതിരാണ്.

അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

1-7 ക്യാഷ് പരിശോധന

1994 - ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.01.2023 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 13445/-രൂപയുടെ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

1-8 ഗ്രാമപഞ്ചായത്തിൽ ലൈസൻസില്ലാതെ സ്ഥാപനം പ്രവർത്തിക്കുന്നു

അപകടകരവും അസഹ്യകരവുമായ വ്യാപാരങ്ങൾക്ക് ലൈസൻസ് നൽകുക എന്നുള്ളത് 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. മേൽ നിയമത്തിലെ 232-ാം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് നൽകുന്ന ലൈസൻസ് കൂടാതെയും, ആ ലൈസൻസിൽ പറയുന്ന നിബന്ധനകൾക്കനുസരണമല്ലാതെയും പഞ്ചായത്ത് പ്രദേശത്തുള്ള യാതൊരു സ്ഥലവും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കുമായി ഉപയോഗിക്കാൻ പാടില്ലാത്തതാണ്.

കട്ടിപ്പാറ ഗ്രാമപഞ്ചായത്തിലെ പുല്ലാഞ്ഞിമേട് - കന്നൂട്ടിപ്പാറ റോഡിൽ പ്രവർത്തിക്കുന്ന "ഷെറിൻ ഇന്റർലോക്ക് & ബ്രിക്സ് "എന്ന സ്ഥാപനത്തിന് ലൈസൻസ് നൽകിയത് സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെട്ട് ശ്രീമതി റുഖിയ, നദീറ ഹൗസ്, അണ്ടോണ എന്നവർ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് നൽകിയ മറുപടിയിൽ (ബി1-2980/2021 തീയതി 19.11.2021) പ്രസ്തുത സ്ഥാപനത്തിന് ലൈസൻസ് അനുവദിച്ചിട്ടില്ല എന്നാണ് ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുള്ളത്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന മേൽ സ്ഥാപനത്തിനെതിരെ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 07/2021-22 തീയതി 24.01.2023) മറുപടി ലഭിച്ചിട്ടില്ല.

ലൈസൻസില്ലാതെ സ്ഥാപനം പ്രവർത്തിക്കാനിടയായതിന്റെ കാരണവും, സ്ഥാപനത്തിനെതിരെ സ്വീകരിച്ച നടപടിയും ഓഡിറ്റിനെ അറിയിക്കേണ്ടതും, ഗ്രാമപഞ്ചായത്തിൽ നിന്നുള്ള ലൈസൻസില്ലാതെ ഒരു സ്ഥാപനവും പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-9 ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് ബത്തനൽകൽ -അർഹരായവർക്ക് മുഴുവൻ ആനുകൂല്യങ്ങളും നൽകിയില്ല.

പ്രോജക്ട് നം-36

അടങ്കൽ -22,00,000

ചെലവ് -21,63,100

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം ചെയ്ത പദ്ധതിയിൽ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന 83 ഗുണഭോക്താക്കൾക്കാണ് ധനസഹായം അനുവദിച്ചിട്ടുള്ളത്. ഇതിൽ മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് 28,500 രൂപ നിരക്കിലും ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ക്ലാസ് അടിസ്ഥാനത്തിലുമാണ് ധനസഹായം അനുവദിച്ചിട്ടുള്ളത്. എന്നാൽ മാനസിക വെല്ലുവിളികൾ നേരിടുന്ന താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മാനസിക വെല്ലുവിളികൾ നേരിടുന്ന മറ്റ് ഗുണഭോക്താക്കൾക്ക് അനുവദിച്ച 28,500 രൂപയേക്കാൾ കുറവ് തുകയേ അനുവദിച്ചതായി കാണുന്നുള്ളൂ

| ക്രമനം | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക |
|---|---|---|
| 1 | സോന മറിയ ജോയ് | 25200 |
| 2 | മറിയം | 24000 |
| 3 | ഇർഷാദലി.കെ.പി | 24000 |
| 4 | ബേബി ആമിനജന്ന | 25200 |
| 5 | ആദിത്യ.വി.പി | 24000 |
| 6 | ജോമോൻ .സി.മാത്യു | 25200 |
| 7 | ആദം അഫ്സാൻ | 25300 |
| 8 | സൗമ്യ.എം.പി | 23300 |

മേൽ ഗുണഭോക്താക്കൾക്ക് ഓഡിറ്റ് വർഷം മറ്റ് മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് അനുവദിച്ച നിരക്കിൽ തന്നെ ധനസഹായം അനുവദിക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/25.01.22) മറുപടി നൽകിയിട്ടില്ല. അപാകത പരിശോധിച്ച് അർഹമായ തുക തുടർ വർഷങ്ങളിൽ മേൽ ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-10 വേനൽക്കാല കുടിവെള്ളവിതരണം- വിതരണം ചെയ്ത വെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തിയില്ല.

പ്രോജക്ട് - 109

ചെലവ് -178766/- (ബിൽ നം-302/22-02-22)

നിർവ്വഹണം- സെക്രട്ടറി

സ.ഉ (സാധാ) നം.446/2021/ത.സ്വ.ഭ.വ തീയ്യതി 15/02/2021 പ്രകാരം കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ജി.പി.എസ് ഘടിപ്പിച്ച ടാങ്കറുകളിൽ കടിവെള്ളം ഗുണനിലവാരം ഉറപ്പ് വരുത്തി ജനങ്ങൾക്ക് സൗകര്യപ്രദമായ സമയത്ത് ആവശ്യത്തിനനുസൃതമായി കുടിവെള്ള വിതരണം നടത്തേണ്ടതും, ചെലവഴിക്കുന്ന തുകയുടെ പൂർണ്ണ മൂല്യം ഉറപ്പ് വരുത്തേണ്ടതുമാണെന്ന നിർദ്ദേശ

പ്രകാരമാണ് കുടിവെള്ള വിതരണത്തിനായി പദ്ധതി നടപ്പാക്കിയിട്ടുള്ളത്. 27.04.21 ലെ 4/4 ഭരണസമിതി തീരുമാന പ്രകാരം കുടിവെള്ള വിതരണത്തിന് ടെണ്ടർ ക്ഷണിച്ചതിൽ ലഭിച്ച ടെണ്ടറുകളിൽ കുറഞ്ഞ തുകയായ കിലോമീറ്ററിന് 175/-രൂപ ക്വോട്ട് ചെയ്ത പി.കെ.സി അഹമ്മദ് എന്നയാൾ സമർപ്പിച്ച ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്. 22-04-21 ന് സെക്രട്ടറിയുടെ എ2-PAN/02/2021 കത്ത് പ്രകാരം കുടിവെള്ളം വിതരണം നടത്തുന്നതിനായി കണ്ടെത്തിയ കിണറ്റിലെ വെള്ളത്തിന്റെ ശുദ്ധത ഉറപ്പ് വരുത്തുന്നതിനായി സാമ്പിൾ പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിനായി CWRDM കുന്ദമംഗലത്തിലേക്ക് അയച്ചിട്ടുണ്ട്. 7-6-21 ലെ ടെസ്റ്റ് റിപ്പോർട്ട് നം-1483 പ്രകാരം പരിശോധനക്കയച്ച സാമ്പിളിന്റെ ബാക്ടീരിയോളജിക്കൽ അനാലിസിസിലെ ടോട്ടൽ കോളിഫോസ്-ന്റെ അളവ് 1100 ഉം റിപ്പോർട്ടിലെ നോട്ട് പ്രകാരം വെള്ളം കോളിഫോംസിനാൽ മലിനവും (The Water Is Contaminated With Total Coliforms) മറ്റ് പരാമീറ്ററുകൾ അനുവദനീയമായ പരിധിക്കകവുമാണെന്നാണ് . വെള്ളം വിതരണം നടത്തിയ KL 57 C 2557 വാഹനത്തിന്റെ GPS റിപ്പോർട്ട് ,ട്രിപ്പ് ഷീറ്റ് എന്നിവ പ്രകാരം 1-05-2021 മുതൽ 31-05-21 വരെ വെള്ളം വിതരണം നടത്തിയ ഇനത്തിൽ 178766 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. വിതരണം ചെയ്യുന്ന വെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്താതെയാണ് ഓഡിറ്റ് വർഷം കുടിവെള്ള വിതരണം നടത്തിയിട്ടുള്ളത്. ആയതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.16/25.01.23) മറുപടി നൽകിയിട്ടില്ല. ഗുണനിലവാരം ഉറപ്പ് വരുത്താതെ കുടിവെള്ളം വിതരണം ചെയ്ത ഇനത്തിൽ ചെലവഴിച്ച 178766 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-11 മിൽക്ക് ഇൻസെന്റീവ് -ക്ഷീരകർഷകർക്ക് പദ്ധതി പ്രകാരം വകയിരുത്തിയ നിരക്ക് നൽകിയില്ല.

പ്രോജക്ട് നം-89

അടങ്കൽ -950000

ചെലവ് -731780

നിർവ്വഹണം -ഡയറിഫാം ഇൻസ്പെക്ടർ

കട്ടിപ്പാറ ഗ്രാമപഞ്ചായത്തിലെ പരിധിയിൽ താമസക്കാരായ, ക്ഷീരസംഘത്തിൽ 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെയുള്ള കാലയളവിൽ പാൽ നൽകിയ കർഷകർക്ക് ബ്ലോക്ക് – ജില്ലാപഞ്ചായത്ത് വിഹിതം ഉൾപ്പെടെ ലിറ്ററിന് പരമാവധി 4 രൂപ നിരക്കിൽ ഒരു കർഷകന് പരമാവധി 40000 രൂപ സബ്സിഡി നൽകുന്നതിനാണ് പദ്ധതി രൂപീകരിച്ച് നടപ്പാക്കിയത്. ഓഡിറ്റ് വർഷം ക്ഷീരസംഘങ്ങളിൽ പാൽ അളന്ന കർഷകർക്ക് നൽകിയ സബ്സിഡി തുക താഴെ ചേർക്കുന്നു.

| ക്ഷീര സംഘം | നൽകിയ തുക |
|---|---|
| താമരശ്ശേരി ടൗൺ ക്ഷീരോൽപാദന സഹകരണ സംഘം | 60681 |
| കുപ്പായക്കോട് ക്ഷീരോൽപ്പാദന സഹകരണ സംഘം | 112794 |
| ചമൽ ക്ഷീരോൽപ്പാദന സഹകരണ സംഘം | 137804 |
| മൂത്തോറ്റിക്കൽ ക്ഷീരോൽപ്പാദന സഹകരണ സംഘം | 420501 |
| | 731780 |

ക്ഷീരസംഘങ്ങളിൽ പാൽ അളന്ന മൂന്ന് കർഷകർക്ക് പരമാവധി സബ്സിഡിയായ 40000 രൂപ അനുവദിക്കുകയും പദ്ധതിക്കായി വകയിരുത്തിയ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായ 200000 രൂപ പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്. എന്നാൽ ലിറ്ററിന് പരമാവധി 4 രൂപ നിരക്കിൽ സബ്സിഡി അനുവദിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയത് എങ്കിലും സൊസൈറ്റികളിൽ കർഷകർ അളന്ന പാലിന് ലിറ്ററിന് 3 രൂപ നിരക്കിലാണ് നിർവ്വഹണ ഉദ്യോഗസ്ഥ സബ്സിഡിയായി അനുവദിച്ചിട്ടുള്ളത്.

ഇക്കാരണത്താൽ തന്നെ പദ്ധതിക്കായി വകയിരുത്തിയ വികസനഫണ്ടായ 650000 രൂപയിൽ 467622 രൂപയും , ജില്ലാപഞ്ചായത്ത് വിഹിതമായ 100000 രൂപയിൽ 64158 രൂപയുമേ പദ്ധതിക്കായി വിനിയോഗിക്കാനായി കഴിഞ്ഞിട്ടുള്ളൂ. പദ്ധതിക്കായി വകയിരുത്തിയ തുക വിനിയോഗിക്കാതെ അവശേഷിച്ചിട്ടുണ്ടെന്നിരിക്കെ ഉൽപ്പാദിപ്പിച്ച പാലിന് അർഹമായ 4 രൂപ നിരക്ക് ക്ഷീരകർഷകർക്ക് അനുവദിക്കാഞ്ഞതിന് വിശദീകരണം നൽകേണ്ടതാണ്.

1-12 വനിതാഘടക പദ്ധതികളുടെ രൂപീകരണ നിർവ്വഹണത്തിലെ അപാകതകൾ.

വനിതാ ഘടക പദ്ധതിയിലുൾപ്പെടുത്തി ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് താഴെ പറയും പ്രകാരം പ്രോജക്ടുകൾ രൂപീകരിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ/ പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 101/22 മിൽക്ക് ഇൻസെന്റീവ് -വനിത | 1100000 | 1100000 |
| 2 | 15/22 സുഫലം -ഫലവൃക്ഷതൈവിതരണം (എസ്.സി.വനിത)-വനിത | 120000 | 120000 |
| 3 | 21/22 സുഫലം -ഫലവൃക്ഷതൈവിതരണം-വനിത | 72000 | 72000 |
| 4 | 40/22 പച്ചക്കറികൃഷി(വനിത) | 113400 | 113400 |
| 5 | 52/22 കന്നുകുട്ടി പരിപാലന പദ്ധതി (വനിത) | 500000 | 250000 |
| 6 | 11/22 പെണ്ണാട് വിതരണം (വനിത) | 760000 | 675000 |
| 7 | 13/22 മുട്ടഗ്രാമം വനിത | 270000 | --- |
| 8 | 14/22 പട്ടികവർഗ്ഗ വനിതകൾക്ക് മുട്ടകോഴിവിതരണം | 23400 | 13200 |

സ.ഉ (കൈ)നം.11/2018/തസ്വഭവ. തീ.29.1.2018 ഖണ്ഡിക 6.3 പ്രകാരം സ്ത്രീകളുടെ തൊഴിലും വരുമാനവും സാമൂഹ്യപദവിയും വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളായിരിക്കണം വനിതാഘടക പദ്ധതിയിൽ ലക്ഷ്യമിടേണ്ടത്. സ്ത്രീകൾക്കും പുരുഷന്മാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പ്രോജക്ടുകൾ വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല. ഉത്പദനാധിഷ്ഠിതവും സേവനാധിഷ്ഠിതവുമായ നൂതന സംരംഭങ്ങൾ കുടുംബശ്രീയുടെ സഹായത്തോടെ ആരംഭിക്കാനുള്ള പ്രൊജക്ടുകൾക്ക് രൂപം നൽകാവുന്നതാണ്. സ്ത്രീകളുടെ തൊഴിൽ, വരുമാന വർദ്ധനവിനായി – സ്വയം തൊഴിൽ സംരംഭങ്ങൾക്ക് പുറമെ സ്ത്രീകളുടെ ലേബർബാങ്ക്,സ്വയം തൊഴിൽ സംരംഭകരുടെ ഉത്പന്നങ്ങളുടെ വിപണനത്തിന് വിപണന കേന്ദ്രങ്ങൾ എന്നിവ ആരംഭിക്കാവുന്നതാണ്. സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ നേരിടുന്നതിന് അനുയോജ്യമായ പ്രോജക്ടുകൾ,

സ്കൂളുകളിൽ പെൺകുട്ടികളുടെ സൗകര്യാർത്ഥം നാപ്കിൻ വെൻഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കൽ, പ്രതിരോധ പരിശീലന പരിപാടികളായ തായ്ക്കൊണ്ട, ജൂഡോ, കരാട്ടെ, യോഗ എന്നിവയിൽ പരിശീലനങ്ങൾ നൽകൽ തുടങ്ങിയവയാണ് വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നവ. എന്നാൽ ഓഡിറ്റ് വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥന്മർ രൂപീകരിക്കുകയും നിർവ്വഹിക്കുകയും ചെയ്തിട്ടുള്ള മേൽ പദ്ധതികളൊന്നും തന്നെ പദ്ധതി മർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിക്കുന്ന തരത്തിലുള്ളവയല്ല. ഓരോ തദ്ദേശ ഭരണ സ്ഥാപനത്തിന്റെയും വരും വർഷങ്ങളിലെ വനിതാ ഘടക പദ്ധതി യുക്തിഭദ്രമായ അടിത്തറയിൽ തയ്യാറാക്കുകയും പ്രദേശത്തെ സ്ത്രീകളുടെ സാമൂഹ്യപദവി ഉയർത്തുകയും ചെയ്യുക എന്നത് നിർവ്വഹിക്കേണ്ടത് ജെന്റർ റിസോഴ്സ് സെന്ററുകളാണ്. തദ്ദേശഭരണസ്ഥാപനവും അവയുടെ എല്ലാ ഘടക സ്ഥാപനങ്ങളും സ്ത്രീ സൗഹൃദമാക്കുന്നതിനും പൊതു ഇടങ്ങളിലെ സ്ത്രീസുരക്ഷയും സൗകര്യങ്ങളും ഉറപ്പാക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങളും ഇടപെടലുകളും നടത്താവുന്നതുമാണ്. തുടർ വർഷങ്ങളിലെ വനിതാ ഘടകപദ്ധതികളുടെ രൂപീകരണ, നിർവ്വഹണത്തിൽ മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 വെറ്റിനറി സർജൻ നിർവ്വഹണം ചെയ്ത പദ്ധതികളുടെ ചെലവ് വിവരം ഹാജരാക്കിയില്ല

ഓഡിറ്റ് വർഷം വെററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പെണ്ണാട് വിതരണം പദ്ധതിക്കായി (പ്രോജക്ട് നം-11) 2,95,000 രൂപ വികസനഫണ്ടും 3,80,000രൂപ ഗുണഭോക്തൃവിഹിതവും ഉൾപ്പെടെ ആകെ 6,75,000 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വികസനഫണ്ട് ഇനത്തിൽ ബിൽനം-178/15-12-22 പ്രകാരം ചെലവഴിച്ച 15,000/- രൂപ, ബിൽ നം-292/18-2-22 പ്രകാരം ചെലവഴിച്ച 25,000/-രൂപ എന്നിവയുടെ ചെലവ് വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയത് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കാത്തതിനാൽ പദ്ധതിക്കായി മേൽ ബില്ലുകൾ പ്രകാരം ചെലവഴിച്ച വികസനഫണ്ട്- 40,000 രൂപയും ഗുണഭോക്തൃവിഹിതമായി ചെലവഴിച്ച -40,000 രൂപയും ഉൾപ്പെടെ 80,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-14 അനുമതിപത്രങ്ങൾ പുതുക്കി ഹാജരാക്കാത്ത സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദ് ചെയ്യുന്നില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം നൽകുന്ന ലൈസൻസിലെ ഏതെങ്കിലും വ്യവസ്ഥ ലംഘിച്ചാൽ ലൈസൻസ് റദ്ദ് ചെയ്യാവുന്നതാണെന്ന് മേൽ ചട്ടത്തിലെ ചട്ടം 25 ൽ വ്യക്തമാക്കിയിട്ടുണ്ട്. മറ്റു വകുപ്പുകളിൽ നിന്ന് ലഭിച്ചിട്ടുള്ളതും ലൈസൻസ് കാലയളവിൽ കാലാവധി അവസാനിക്കുന്നതുമായ നിരാക്ഷേപ പത്രങ്ങളും അനുമതി പത്രങ്ങളും പുതുക്കി ഹാജരാക്കണം എന്ന വ്യവസ്ഥയോടെയാണ് താഴെ പറയുന്നവർക്ക് കട്ടിപ്പാറ ഗ്രാമപഞ്ചായത്തിൽ നിന്ന് ലൈസൻസ് അനുവദിച്ചിട്ടുള്ളതെങ്കിലും അവർ പ്രസ്തുത നിരാക്ഷേപപത്രങ്ങളും അനുമതിപത്രങ്ങളും പുതുക്കിനൽകിയതായി കാണുന്നില്ല.

| ക്രമ നം. | ലൈസൻസ് നമ്പർ/കാലാവധി | സ്ഥാപനം | ഉടമ | പുതുക്കി ഹാജരാക്കാത്ത അനുമതി/നിരാക്ഷേപ പത്രങ്ങളും കാലാവധിയും |
|---|---|---|---|---|
| 1 | എ1647/18/ | റൂബി സ്റ്റോൺ | അബ്ദുള്ളക്കോയ | 1) മലിനീകരണ |

| | | | | |
|---|---|---|---|---|
| | 10.04.2018<br>01.04.2018 മുതൽ 31.03.2023 വരെ | ക്രഷർ (ക്വാറി)<br>താമരശ്ശേരി താലൂക്ക് കട്ടിപ്പാറ വില്ലേജിൽ റീസർവ്വേ നം. 1ൽ പെട്ട 4.1943 ഹെ സ്ഥലം | തങ്ങൾ സി.പി, ചമൽ, താമരശ്ശേരി | നിയന്ത്രണ ബോർഡ് സർട്ടിഫിക്കറ്റ് (PCB/KKD/DO/ICO/ 3635/2017/16.11.17) കാലാവധി 30.04.2020<br>2) എക്സ്പ്ലോസീവ് ലൈസൻസ് (E/SC/KL.22/ 1153/E58074/14.12.17)<br>കാലാവധി 31.03.2019<br>3)പരിസ്ഥിതി ക്ലിയറൻസ് സർട്ടിഫിക്കറ്റ് (EC No.10/DEIAA/KL/MIN/ 3970/2/23.09.17) കാലാവധി 23.09.22 |
| 2 | എ1 648/18/ 10.04.2018<br>01.04.2018 മുതൽ 31.03.2023 വരെ | റൂബി സ്റ്റോൺ ക്രഷർ (300 HP മോട്ടോർ ഉപയോഗിച്ച് സ്റ്റോൺ ക്രഷർ നടത്താൻ)<br>കട്ടിപ്പാറ ഗ്രാമപഞ്ചായത്ത് കെട്ടിട നം. 4/418, 4/419,<br>4/419 A | അബ്ദുള്ളക്കോയ തങ്ങൾ സി.പി, ചമൽ, താമരശ്ശേരി | 1) എക്സ്പ്ലോസീവ് ലൈസൻസ് (E/SC/KL.22 /1153/E58074/14.12.17) കാലാവധി 31.03.2019<br>2)പരിസ്ഥിതി ക്ലിയറൻസ് സർട്ടിഫിക്കറ്റ് (EC No.10/DEIAA/ KL/MIN/ 3970/2/ 23.09.17) കാലാവധി23.09.22 |
| 3 | എ1 1220/18/ 10.04.2018<br>(01.04.2018 മുതൽ 31.03.2022 വരെ) | ഹൈലാന്റ് സിൽവർസാന്റ്സ് പ്രൈ. ലിമിറ്റഡ് (കരിങ്കല്ല് പൊട്ടിച്ച് സംഭരിച്ച് വിൽപ്പന നടത്തുന്നതിന് )<br>താമരശ്ശേരി താലൂക്ക് രാരോത്ത് | വിനയ് ജെയിംസ് കൈനഡി, മാവൂർ റോഡ്, കോഴിക്കോട് | എക്സ്പ്ലോസീവ് ലൈസൻസ് (E/SC/KL.22/ 1096/E54195/ 13.02.2018) കാലാവധി 31.03.2020 |

| | | | | |
|---|---|---|---|---|
| | | വില്ലേജിൽ റീസർവ്വേ നം. 2/1 ൽ പെട്ട 4.31 ഹെക്ടർ സ്ഥലം | | |

മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ പുതുക്കിയ നിരാക്ഷേപപത്രങ്ങളും അനുമതി പത്രങ്ങളും സമർപ്പിച്ചിട്ടുണ്ടെങ്കിൽ അവയും, ആയത് യഥാസമയം സമർപ്പിച്ചിട്ടില്ലെങ്കിൽ സ്ഥാപനങ്ങൾക്കെതിരെ ചട്ടപ്രകാരം സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരവും പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.06/2021-22 തീയതി 24.01.2023) മറുപടി ലഭിച്ചിട്ടില്ല. പാരിസ്ഥിതിക സന്തുലനത്തെ ബാധിക്കുന്നതും, കൃത്യമായ വ്യവസ്ഥകളും നിബന്ധനകളും പാലിച്ച് മാത്രം പ്രവർത്തിക്കേണ്ടതുമായ ക്വാറികളും ക്രഷറുകളും പോലെയുള്ള സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയതിന് ശേഷം അവയുടെ പ്രവർത്തനത്തിൽ യാതൊരു തുടർ നിരീക്ഷണവും നടത്തുന്നില്ല എന്നത് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നുള്ള ഗുരുതരമായ വീഴ്ചയാണ്.

സ്ഥാപനങ്ങൾ നിരാക്ഷേപപത്രങ്ങളും അനുമതി പത്രങ്ങളും പുതുക്കിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതും അപ്രകാരം പുതുക്കിയിട്ടില്ലെങ്കിൽ ലൈസൻസ് റദ്ദാക്കി ചട്ടപ്രകാരമുള്ള ശിക്ഷാനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-15 നിയമോപദേശത്തിന് അനുവദനീയമായതിനേക്കാൾ കൂടുതൽ ഫീസ് നൽകി

കട്ടിപ്പാറ ഗ്രാമപഞ്ചായത്തിലെ 6-ാം വാർഡിൽ ഉൾപ്പെട്ട ഭൂമിയിൽ മൊബൈൽ ടവർ നിർമ്മിക്കുന്നതിനായി "സമ്മിറ്റ് ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡ്" എന്ന സ്ഥാപനം സമർപ്പിച്ച അപേക്ഷയുമായി ബന്ധപ്പെട്ട വിഷയത്തിൽ നിയമോപദേശം നൽകിയതിനുള്ള ഫീസായി അഡ്വക്കറ്റ് ശ്രീ ജോജു സിറിയക്ക്, അഡീഷണൽ ഗവൺമെന്റ് പ്ലീഡർക്ക് 18.02.2022 ലെ 22100840 നമ്പർ വൗച്ചർ പ്രകാരം 2,000/- രൂപ നൽകിയിട്ടുണ്ട്. 2003 ലെ കേരള പഞ്ചായത്ത് രാജ് (കേസുകളുടെ നടത്തിപ്പും നിയമോപദേഷ്ടാക്കൾക്ക് ഫീസ് നൽകലും) ചട്ടങ്ങളിലെ ചട്ടം 5(iii) പ്രകാരം ഭരണപരമായ കാര്യങ്ങളിൽ രേഖകൾ പരിശോധിച്ച് നിയമോപദേശം നൽകുന്നതിന് 500/- രൂപയിൽ കവിയാതെയുള്ള ഫീസ് നൽകുന്നതിനേ അനുമതിയുള്ളൂ.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.2/21-22 തീയതി 24.01.23) മറുപടി ലഭിച്ചിട്ടില്ല. നിയമോപദേശത്തിനായി ചട്ടപ്രകാരം അനുവദീയമായതിനേക്കാൾ കൂടുതൽ തുക നൽകിയതിന് വിശദീകരണം നൽകേണ്ടതും അധികം നൽകിയ 1,500/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-16 പൗരാവകാശരേഖ പുതുക്കൽ - അപാകതകൾ

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 27.01.2021ലെ 3-ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കട്ടിപ്പാറ ഗ്രാമപഞ്ചായത്തിന്റെ പൗരാവകാശരേഖ 27.01.2021 തീയതി പ്രാബല്യത്തിൽ പുതുക്കുകയും അതിന്റെ 50 പകർപ്പുകൾ അച്ചടിച്ചതിനുള്ള തുകയായി 12,000/- രൂപ കെ.ടി പ്രിന്റേഴ്സ്, മുക്കം എന്ന സ്ഥാപനത്തിന് നൽകുകയും ചെയ്തിട്ടുണ്ട് (വൗച്ചർ നമ്പർ 22100691 തീയതി 18.12.2021). എന്നാൽ അച്ചടിച്ച പൗരാവകാശരേഖാ പകർപ്പുകൾ സ്റ്റോക്കിലെടുത്തിട്ടില്ല. പുതുക്കിയ

പൗരാവകാശരേഖയുടെ അച്ചടിച്ച 15 പകർപ്പുകളാണ് നിലവിൽ ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽ ശേഷിക്കുന്നത്. മറ്റുള്ളവ വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2004ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശരേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം9(i) പ്രകാരം വർഷത്തിലൊരിക്കൽ പഞ്ചായത്ത് ചർച്ച ചെയ്ത് പൗരാവകാശരേഖ പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ 27.01.2021 തീയതി പ്രാബല്യത്തിൽ പുതുക്കിയ രേഖ പിന്നീടിതുവരെ പുതുക്കിയിട്ടില്ല. മേൽ ചട്ടത്തിലെ ചട്ടം 4 പ്രകാരം പൗരാവകാശരേഖ പൊതുജനങ്ങളുടെ അറിവിലേക്കായി പഞ്ചായത്ത് ഓഫീസ് നോട്ടീസ് ബോർഡിലും പഞ്ചായത്ത് പ്രദേശത്തെ പൊതുസ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള മറ്റ് നോട്ടീസ് ബോർഡുകളിലും പതിച്ച് പ്രസിദ്ധപ്പെടുത്തേണ്ടതും, അച്ചടിച്ച പകർപ്പുകൾ പൊതുജനങ്ങൾക്ക് സൗജന്യമായി വിതരണം ചെയ്യേണ്ടതും ആയതിന് വേണ്ടത്ര പ്രചരണം നൽകേണ്ടതുമാണ്. കൂടാതെ പൗരാവകാശരേഖയുടെ രത്നച്ചുരുക്കം ഒരു ബോർഡിൽ പെയിന്റ് കൊണ്ടെഴുതി പഞ്ചായത്താഫീസിൽ പൊതുജനങ്ങൾക്ക് കാണത്തക്കവിധം പ്രദർശിപ്പിക്കേണ്ടതാണെന്നും ചട്ടം 4(2) ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇക്കാര്യങ്ങളൊന്നും കട്ടിപ്പാറ ഗ്രാമപഞ്ചായത്തിൽ പാലിക്കപ്പെട്ടിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.3/21-22 തീയതി 24.01.23) മറുപടി ലഭിച്ചിട്ടില്ല.

പൗരാവകാശരേഖയുടെ അച്ചടിച്ച പകർപ്പുകൾ വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും 2004 ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശരേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

1-17 കുഴൽ കിണർ നിർമ്മാണപദ്ധതികൾ ലക്ഷ്യം കണ്ടില്ല.

ഓഡിറ്റ് വർഷം പഞ്ചായത്തിലെ ഘടകസ്ഥാപനങ്ങൾ,അങ്കണവാടികൾ എന്നിവ നേരിടുന്ന കുടിവെള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയും പ്രകാരം മൂന്ന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | ചെലവ് | വൗച്ചർ നമ്പർ |
|---|---|---|---|
| 137 | അമരാട് കുടിവെള്ള പദ്ധതി കുഴൽകിണർ നിർമ്മാണം | 36855 | 22100939 Dtd 21-03-2022 |
| 42 | ഘടകസ്ഥാപനങ്ങളിൽ കുഴൽകിണർ നിർമ്മാണം | 77510 | 220101068 Dtd 15-03-2022 |
| 110 | ക്വാറി , വെണ്ടേക്കുംചാൽ, കയ്യൊടിയൻപാറ അങ്കണവാടികളിൽ കുഴൽകിണർ നിർമ്മാണം | 32955 | 22100938 Dtd 21-03-22 |

| | | | |
|---|---|---|---|
| | ആകെ | 147320 | |

മേൽ മൂന്ന് പദ്ധതികൾക്കുമായി ആകെ 1,47,320- രൂപ ജില്ലാ ഓഫീസർ, ഭൂജലവകുപ്പ്, കോഴിക്കോടിന് അടവാക്കിയിട്ടുണ്ടെങ്കിലും നാളിതുവരെയായും കുഴൽകിണർ നിർമ്മാണം പൂർത്തീകരിച്ച് സ്ഥാപനങ്ങൾക്ക് കുടിവെള്ള ലഭ്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. എത്രയും പെട്ടെന്ന് പദ്ധതികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. ചെലവ് തുക 1,47,320 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-18 മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഇ-ടെണ്ടർഫീ പഞ്ചായത്തിന് ലഭിച്ചില്ല.

ഓഡിറ്റ് വർഷം മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ വിവിധ വാർഡുകളിലായി മെറ്റീരിയൽ പ്രവൃത്തികൾക്കാവശ്യമായ സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിന് ഇ-ടെണ്ടർ നടപടികൾ സ്വീകരിച്ചാണ് കരാറുകാരെ കണ്ടെത്തിയിട്ടുള്ളത്. ഒരു വാർഡിലേക്ക് ആവശ്യമായ മുഴുവൻ മെറ്റീരിയലുകളും സപ്ലൈ ചെയ്യുന്നതിനായി വാർഡ് തിരിച്ച് ഇ-ടെണ്ടർ ചെയ്തതിൽ താഴെ പറയും പ്രകാരം വാർഡുകളിലെ സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിനാണ് കരാറുകാർ ഇ-ടെണ്ടറിൽ പങ്കെടുത്തിട്ടുള്ളത്.

| വാർഡ് നം | പങ്കെടുത്ത കരാറുകാരുടെ എണ്ണം | ആകെ ടെണ്ടർഫീ |
|---|---|---|
| 2 | 2 | 5000 |
| 6 | 2 | 5000 |
| 8 | 3 | 7500 |
| 10 | 2 | 1220 |
| 11 | 3 | 7500 |
| 12 | 2 | 3880 |
| 13 | 2 | 5000 |
| 14 | 2 | 3000 |
| 15 | 2 | 3740 |
| | ആകെ | 41840 |

മേൽ 9 വാർഡുകളിലെ പ്രവൃത്തികൾക്കായുള്ള മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിനുള്ള ടെണ്ടർ ഫീയായി ആകെ 41,840 രൂപ കരാറുകാർ ഓൺലൈനായി അടവാക്കിയിട്ടുണ്ടെങ്കിലും ആയത് പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നിട്ടില്ല. കരാറുകാർ ഇ-ടെണ്ടർ ഫീ തുക ഏത് അക്കൗണ്ടിലേക്കാണ് അടവാക്കിയിരിക്കുന്നത് എന്നതിന്റെയും, ആയത് പഞ്ചായത്തിന് ലഭിച്ചതിന്റെയും വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-19 സംയുക്തപരിശോധന നടത്താതെ വെള്ളക്കരം അടവാക്കുന്നു

കട്ടിപ്പാറ ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ വെള്ളക്കരമായി 2021-22 സാമ്പത്തിക വർഷത്തിൽ 88,212/- രൂപ കേരള വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയിൽ നിന്നുള്ള ഡിമാന്റ് നോട്ടീസ് പ്രകാരം ഗ്രാമപഞ്ചായത്തിൽ 16 പൊതുവെള്ള ടാപ്പുകളാണ് ഉള്ളത്. ടാപ്പൊന്നിന് വാർഷിക വെള്ളക്കരം 5,512.50/- രൂപ എന്ന നിരക്കിൽ 16 ടാപ്പുകൾക്കായി പ്രതിമാസം 7,351/-രൂപയാണ് നിലവിൽ അടവാക്കി വരുന്നത്. പൊതുടാപ്പുകളുടെ എണ്ണവും അവ സ്ഥിതി ചെയ്യുന്ന സ്ഥലവും രേഖപ്പെടുത്തിയിട്ടുള്ള സ്ട്രീറ്റ് ടാപ്പ് രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലായി നിലവിൽ കബനി, വേനക്കാവ്, ജനമൈത്രി, കണ്ടൻകുന്ന്, യമുന, കരിഞ്ചാലക്കണ്ടി, കനിക, ധാര തുടങ്ങിയ പേരുകളിൽ ജലനിധി പദ്ധതികൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഈ സാഹചര്യത്തിൽ ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള ടാപ്പുകളെല്ലാം പ്രവർത്തനക്ഷമമാണോ എന്നും അവയെല്ലാം ഉപയോഗിച്ചു വരുന്നുണ്ടോയെന്നും ഉറപ്പു വരുത്തിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.24/21-22, തീയതി 24.01.2003 മറുപടി ലഭിച്ചിട്ടില്ല.)

കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് പൊതു കുടിവെള്ള ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകളുണ്ടെങ്കിൽ അവയുടെ വെള്ളക്കരം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 അളവുപുസ്തകങ്ങൾ സ്റ്റോക്കിലെടുക്കുന്നതിലും വിതരണം ചെയ്യുന്നതിലും കൃത്യതയില്ല

കട്ടിപ്പാറ ഗ്രാമപഞ്ചായത്തിൽ മരാമത്ത് പ്രവൃത്തികൾക്ക് വേണ്ടിയുള്ള അളവ് പുസ്തകങ്ങൾ സ്റ്റോക്കിലെടുക്കുന്നതിലും വിതരണം ചെയ്യുന്നതിലും കൃത്യതയില്ല. 2021-22 സാമ്പത്തിക വർഷം ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്ന് 25 പേജുകളുള്ള 100 അളവ് പുസ്തകങ്ങളും 50 പേജുകളുള്ള 150 പുസ്തകങ്ങളുമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടുള്ളത് (വൗച്ചർ നമ്പർ 22100161/12.06.21, 24,228/- രൂപ). ഗ്രാമപഞ്ചായത്തിന്റെ എം.ബുക്ക് സ്റ്റോക്ക് രജിസ്റ്ററിൽ ഇതു സംബന്ധിച്ച് യാതൊരു രേഖപ്പെടുത്തലും വരുത്തിയിട്ടില്ല. അതിനാൽ ലഭിച്ച അളവു പുസ്തകങ്ങളുടെ സീരിയൽ നമ്പരുകൾ പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

എം.ബുക്ക് സ്റ്റോക്ക് രജിസ്റ്റർ പേജ് നം. 30 ലെ രേഖപ്പെടുത്തൽ പ്രകാരം 2021-22 സാമ്പത്തിക വർഷം താഴെ പറയുന്ന എണ്ണം അളവു പുസ്തകങ്ങളാണ് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്കായി നൽകിയിട്ടുള്ളത്. എന്നാൽ വിതരണം ചെയ്ത പുസ്തകങ്ങളുടെ ആകെ എണ്ണമല്ലാതെ അവയുടെ സീരിയൽ നമ്പരുകൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | ഉദ്യോഗസ്ഥൻ | 25 പേജ് | 50 പേജ് | ആകെ |
|---|---|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനീയർ (LID &EW) | 70 | 25 | 95 |
| 2 | അസിസ്റ്റന്റ് എഞ്ചിനീയർ (MNREGS) | 174 | 1 | 175 |
| 3 | സെക്രട്ടറി | -- | 1 | 1 |

| | |
|---|---|
| ആകെ | 271 |

ഓഡിറ്റിന്റെ ഭാഗമായി നടത്തിയ ഭൗതിക പരിശോധന പ്രകാരം മേൽപറഞ്ഞവരുടെ ഓഫീസിൽ താഴെ പറയുന്ന എണ്ണം അളവ് പുസ്തകങ്ങൾ നീക്കിയിരിപ്പ് ഉണ്ട്.

| ക്രമ നം. | ഉദ്യോഗസ്ഥൻ | 25 പേജ് | 50 പേജ് | 100 പേജ് | ആകെ |
|---|---|---|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനീയർ (LID &EW) | 49 | 8 | 2 | 59 |
| 2 | അസിസ്റ്റന്റ് എഞ്ചിനീയർ (MNREGS) | 87 | 48 | -- | 135 |
| ആകെ | | | | | 194 |

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽ നിന്ന് ലഭിച്ച അളവുപുസ്തകങ്ങൾക്ക് അസിസ്റ്റന്റ് എഞ്ചിനീയർ (MNREGS) സ്റ്റോക്ക്/വിതരണ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. അസിസ്റ്റന്റ് എഞ്ചിനീയർ (LID &EW) സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയതിൽ നിലവിൽ നീക്കിയിരുപ്പുള്ള പുസ്തകങ്ങൾ സംബന്ധിച്ച വിവരങ്ങൾ മാത്രമാണ് ഉള്ളത്. മേൽപ്പറഞ്ഞ രണ്ട് ഓഫീസുകളിലും ഓരോ അളവുപുസ്തകവും ഏത് പ്രവൃത്തിക്കായാണ് വിതരണം ചെയ്യുന്നത് എന്ന് രേഖപ്പെടുത്തുന്നില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.5/21-22 തീയതി 24.01.23) മറുപടി ലഭിച്ചിട്ടില്ല.

അളവ് പുസ്തകങ്ങൾ സീരിയൽ നമ്പരുകൾ രേഖപ്പെടുത്തി കൃത്യമായി സ്റ്റോക്കിലെടുക്കേണ്ടതും, വിതരണ സമയത്ത് പുസ്തകത്തിന്റെ സീരിയൽ നമ്പർ, ബന്ധപ്പെട്ട പ്രവൃത്തിയുടെ പേര് എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-21 പദ്ധതി നിർവ്വഹണത്തിനായി പന്ത്രണ്ട് വർഷം മുൻപ് നൽകിയ മുൻകൂർ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചില്ല.

പഞ്ചായത്തിലെ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ പട്ടികയിൽ കൊടുത്ത മുൻകൂറുകൾ ഈടാക്കുന്നതിന് നാളിതുവരെ പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല എന്ന് കാണുന്നു.

| മുൻകൂർ നൽകിയ വർഷം | മുൻകൂർ നൽകിയ ആൾ | പദ്ധതി | തുക |
|---|---|---|---|
| 2009-10 | അസിസ്റ്റന്റ് എക്സ്ക്യൂട്ടീവ് എഞ്ചിനീയർ ഇലക്ട്രിക് സബ് ഡിവിഷൻ, ബാലുശ്ശേരി | തുവ്വക്കുന്ന്-ചീടിക്കുഴി റോഡ്-പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 201164 |
| 2009-10 | ജയപ്രകാശ് (കൺവീനർ) | കല്ലുള്ള തോട് ഫൂട്ട്പാത്ത് റിപ്പയർ | 12500 |
| 2009-10 | വി.കെ അബ്ദുള്ള (കൺവീനർ) | തങ്ങൾകുന്ന് കുടിവെള്ള പദ്ധതി | 75000 |
| 2009-10 | പി.എം. ചന്ദ്രൻ (കൺവീനർ) | വെള്ളിയോർമല പാത്ത് വേ | 12500 |

| | | | |
|---|---|---|---|
| 2009-10 | സുരേഷ് പൂതാടിക്കൽ (കൺവീനർ) | ചെമ്പും കര- വയലും തലപ്പാലം | 54750 |
| | ആകെ | | 354914 |

നാളിതുവരെ മുൻകൂർ തുക ഈടാക്കാത്തതിന് വിശദീകരണം നൽകേണ്ടതും ഉത്തരവാദികളായവരിൽ നിന്നും ഇതുവരെയുള്ള ഓരോ വർഷത്തിനും 18% പിഴപ്പലിശ സഹിതം കണക്കാക്കി ഈടാക്കി വിശദ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-22 കോടതി കേസുകൾ കൈകാര്യം ചെയ്യുന്നതിൽ അപാകത

പരിശോധനയ്ക്ക് ലഭ്യമാക്കിയ സ്യൂട്ട് രജിസ്റ്റർ പ്രകാരം വിവിധ കോടതികളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക വേണ്ടിയുള്ള ട്രൈബ്യൂണലിലുമായി കട്ടിപ്പാറ ഗ്രാമപഞ്ചായത്ത് കക്ഷിയായിട്ടുള്ള 11 കേസുകളാണ് തീർപ്പാവാൻ ഉള്ളത് . വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | വർഷം | തീർപ്പാവാത്ത കേസുകളുടെ എണ്ണം | കേസിന്റെ വിശദാംശം |
|---|---|---|---|
| 1 | 2010 | 1 | ആശ്രയ പദ്ധതി ഗുണഭോക്തൃ ലിസ്റ്റ് സംബന്ധിച്ച് ശ്രീ പി.പി ബാലകൃഷ്ണൻ, പുതുപ്പാടി എന്നവർ ഓംബുഡ്സ്മാൻ മുമ്പാകെ ഫയൽ ചെയ്തത് (ഒ.പി 1017/10) |
| 2 | 2011 | 1 | അയ്യങ്കാളി തങ്ങൾകുന്ന് റോഡ് ടാറിംഗ് സംബന്ധിച്ച് ശ്രീ കെ.ജി ബാലൻ, താമരശ്ശേരി എന്നവർ ഓംബുഡ്സ്മാൻ മുമ്പാകെ ഫയൽ ചെയ്തത് (ഒ.പി 872/11) |
| 3 | 2014 | 1 | ത്രിവേണി കൊളമല റോഡിൽ ഡ്രെയിനേജ് നിർമ്മാണം സംബന്ധിച്ച് ശ്രീ വി.പി രത്നാകരൻ, കട്ടിപ്പാറ എന്നവർ സ്ഥിരം ലോക് അദാലത്ത് മുമ്പാകെ ഫയൽ ചെയ്തത് (ഒ.പി 85/14) |

| | | | |
|---|---|---|---|
| 4 | 2016 | 1 | റോഡ് നിർമ്മാണം സംബന്ധിച്ച് ശ്രീ രൂപേഷ്, പ്ലാപ്പറ്റ ഹൗസ് എന്നവർ കോഴിക്കോട് മുൻസിഫ് കോടതി 1 മുമ്പാകെ ഫയൽ ചെയ്തത് (ഒ.എസ് 402/16) |
| 5 | 2017 | 1 | ടാർ മിക്സിങ്ങ് യൂണിറ്റിന് ലൈസൻസ് നൽകിയതിനെതിരെ യശോഭവൻ ചാരിറ്റബിൾ ട്രസ്റ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്തത് (ഒ.പി 980/17) |
| 6 | 2018 | 2 | സ്നേഹശുദ്ധജല പദ്ധതി സംബന്ധിച്ച് ശ്രീ യു.അബ്ദുൾകരീം, ഉമ്മത്തൂർ എന്നവർ പെരിന്തൽമണ്ണ മുൻസിഫ് കോടതി മുമ്പാകെ ഫയൽ ചെയ്തത് (ഒ.എസ്9/2018) |
| | | | റോഡ് നിർമ്മാണം സംബന്ധിച്ച് ശ്രീ അബ്ദുൾ റഹിമാൻ, ചീടിക്കുളങ്ങര എന്നവർ കോഴിക്കോട് മുൻസിഫ് കോടതി 1 മുമ്പാകെ ഫയൽ ചെയ്തത് (ഒ.എസ് 50/2018) |
| 7 | 2019 | 1 | ഗ്രാമപഞ്ചായത്ത് ജീവനക്കാർ കൈയ്യേറ്റം ചെയ്തുവെന്നാരോപിച്ച് ശ്രീ ദീപക് കെ വർഗ്ഗീസ് എന്നവർ താമരശ്ശേരി JFCM മുമ്പാകെ ഫയൽ ചെയ്തത് (CC 1145/19) |
| 8 | 2021 | 1 | ഫ്രഷ്കട്ട് ഓർഗാനിക്ക് പ്രൊഡക്റ്റ്സ് എന്ന സ്ഥാപനത്തിന് നൽകിയ പ്രവർത്തനാനുമതിക്കെതിരെ ശ്രീ പി. പി തമ്പി, താമരശ്ശേരി മുതൽ 10 പേർ ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തത് ( WP(c) 6152/21) |
| 9 | 2022 | 2 | റോഡ് നിർമ്മാണം സംബന്ധിച്ച് ശ്രീമതി പി.പി സക്കീന, കരിഞ്ചോലക്കണ്ടി എന്നവർ താമരശ്ശേരി മുൻസിഫ് കോടതി മുമ്പാകെ ഫയൽ ചെയ്തത് (ഒ.എസ് 96/22) |
| 10 | | | കൃഷിഭവൻ മൃഗാശുപത്രി ബൈപ്പാസ് നിർമ്മാണത്തിലെ അപാകത സംബന്ധിച്ച് ശ്രീ നവാസ് കുട്ടാല, പ്ലാപ്പറ്റ എന്നവർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്തത് (ഒ.എസ് 546/22) |
| | ആകെ | 11 | |

കേസുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. മേൽ പട്ടികയിലെ ക്രമ നം. 1,2,3 എന്നിവയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
2. ക്രമ നം. 4 മുതൽ ഉള്ളവയുടെ ഫയലുകളിൽ കേസുകളുടെ നിലവിലെ സ്ഥിതി, അടുത്ത വിചാരണ

തീയതി തുടങ്ങിയ വിവരങ്ങളൊന്നും ഇല്ല. കൂടാതെ കേസ് നടത്തിപ്പിനാവശ്യമായ രേഖകൾ യഥാസമയം അഭിഭാഷകർക്ക് നൽകി വരുന്നുണ്ടോ എന്നും കേസ് ഫയലുകളിൽ നിന്ന് വ്യക്തമാകുന്നില്ല.

3. കരിഞ്ചോലമലയിൽ ഉരുൾപൊട്ടി 14 പേർക്ക് ജീവഹാനി സംഭവിക്കാനിടയായതിൽ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് വീഴ്ചയാരോപിച്ച് ശ്രീ രത്നാകരൻ.കെ, തൊണ്ടയാട് എന്നവർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ മുമ്പാകെ ഒ.പി 630/2018 നമ്പരായി കേസ് ഫയൽ ചെയ്തിട്ടുണ്ടെങ്കിലും, പ്രസ്തുത കേസ് സ്യൂട്ട് രജിസ്റ്ററിൽ ചേർത്തിട്ടില്ല. കേസിന്റെ തുടർ നടപടികളും നിലവിലെ സ്ഥിതി സംബന്ധിച്ച വിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇപ്രകാരം സ്യൂട്ട് രജിസ്റ്ററിൽ രേഖപ്പെടുത്താത്ത മറ്റ് കേസുകൾ നിലവിലുണ്ടോ എന്നതും വ്യക്തമല്ല.

4. നിലവിൽ തീർപ്പായിട്ടുള്ളതും, തീർപ്പാവാൻ അവശേഷിക്കുന്നതുമായ കേസുകളിൽ (ക്രമ നം. 7 ഒഴികെ) വക്കീൽ ഫീസ് നൽകിയത് സംബന്ധിച്ച വിവരങ്ങളൊന്നും സ്യൂട്ട് രജിസ്റ്ററിലും ബന്ധപ്പെട്ട ഫയലുകളിലും ഇല്ല.

ഗ്രാമഞ്ചായത്ത് ജീവനക്കാർ കൈയ്യേറ്റം ചെയ്തുവെന്നാരോപിച്ച് ശ്രീ ദീപക്.കെ. വർഗീസ് എന്നവർ താമരശ്ശേരി JFCM മുമ്പാകെ ഫയൽ ചെയ്തത് CC 1145/19 നമ്പർ കേസിൽ ഗ്രാമപഞ്ചായത്തിന്റെ അഭിഭാഷകനായ അഡ്വക്കറ്റ് കെ.കെ ഫിലിപ്പ് എന്നവർക്ക് 18.02.2022 ലെ 22100839 നമ്പർ വൗച്ചർ പ്രകാരം 15,000/- വക്കീൽ ഫീസായി നൽകിയിട്ടുണ്ട്. 2003 ലെ കേരള പഞ്ചായത്ത് രാജ് (കേസുകളുടെ നടത്തിപ്പും നയമോപദേഷ്ടാക്കൾക്ക് ഫീസ് നൽകലും) ചട്ടങ്ങളിലെ ചട്ടം 5(ii) ൽ ക്രിമിനൽ കേസുകളിൽ, അഭിഭാഷകൻ പ്രാക്ടീസ് ചെയ്യുന്ന സ്ഥലത്തുള്ള ഒരു കോടതിയിൽ മൂന്നു മണിക്കൂറിൽ കുറഞ്ഞ സമയം ഹാജരാകുന്ന ഓരോ ദിവസത്തിനും 250 രൂപയിൽ കവിയാതെയും മൂന്ന് മണിക്കൂറിൽ കുറയാതെയുള്ള സമയം ഹാജരാകുന്ന ഓരോ ദിവസത്തിനും 500 രൂപയിൽ കവിയാതെയും, പ്രാക്ടീസ് ചെയ്യുന്ന സ്ഥലത്തല്ലാത്ത ഒരു കോടതിയിൽ ഹാജരാകുന്ന ഓരോ ദിവസത്തിനും 500 രൂപയിൽ കവിയാതെയും പഞ്ചായത്ത് നിശ്ചയിക്കുന്ന ഫീസ് നൽകാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. 18.02.2016ലെ സ.ഉ(എം.സ്) 36/16/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം നിലവിലുള്ള കേസുകൾക്ക് 15,000/- രൂപ വരെ വക്കീൽ ഫീസ് നൽകുന്നതിന് അനുമതിയുണ്ടെങ്കിലും ചട്ടത്തിൽ പരാമർശിച്ച പ്രകാരം ഹാജരാകുന്ന ദിവസങ്ങൾ കണക്കാക്കാതെ കേസ് തീർപ്പാവുന്നതിന് മുൻപ് തന്നെ പരമാവധി തുക നൽകുന്നതിന് അനുമതിയുള്ളതായി കാണുന്നില്ല. മേൽ കേസിൽ അനുവദനീയമായ പരമാവധി തുക വക്കീലിന് നൽകിയിട്ടുണ്ടെങ്കിലും കേസിൽ എത്ര ദിവസം വിചാരണ നടന്നു എന്നോ, നിലവിൽ കേസിന്റെ സ്ഥിതി എന്താണെന്നോ വ്യക്തമാക്കുന്ന യാതൊരു രേഖകളും ബന്ധപ്പെട്ട കേസ് ഫയലിൽ ഇല്ല.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 8/21-22 തീയതി 24.01.23) മറുപടി ലഭിച്ചിട്ടില്ല. അപാകതകൾ പരിഹരിച്ച് സ്യൂട്ട് രജിസ്റ്റർ, കേസ് ഫയലുകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-23 മാറ്റി വയ്ക്കപ്പെട്ട ശമ്പളവിഹിതം സർക്കാർ നിർദ്ദേശം പാലിക്കാതെ തിരികെ നൽകി

കോവിഡ് - 19 വ്യാപനത്തെ തുടർന്ന് സംജാതമായ സാമ്പത്തിക സാഹചര്യം കൈകാര്യം ചെയ്യുന്നതിനായി സർക്കാർ ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് നീക്കിവയ്ക്കപ്പെട്ട വിഹിതം 2021 ഏപ്രിൽ മാസം മുതൽ 5 തുല്യ മാസഗഡുക്കളായി തിരികെ നൽകാനാണ് 26.02.2021 ലെ ജി.ഒ (പി) നമ്പർ 43/2021/ഫിൻ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ നിർദ്ദേശിച്ചിരുന്നത്. പെൻഷൻ പറ്റിയവർ, മരണപ്പെട്ടവർ, പ്രൊവിഡന്റ് ഫണ്ട് വരിക്കാരല്ലാത്ത ജീവനക്കാർ/അദ്ധ്യാപകർ എന്നിവരുടെ കാര്യത്തിൽ മാത്രമാണ് മാറ്റി വയ്ക്കപ്പെട്ട തുക ഒറ്റത്തവണയായി നൽകുന്നതിന് മേൽ ഉത്തരവ് പ്രകാരം അനുമതിയുണ്ടായിരുന്നത്. എന്നാൽ കട്ടിപ്പാറ ഗ്രാമപഞ്ചായത്തിലെ മുഴവൻ ജീവനക്കാരുടെയും മാറ്റിവയ്ക്കപ്പെട്ട ശമ്പളവിഹിതം 13.04.2021 ലെ 22100032 നമ്പർ വൗച്ചർ പ്രകാരം (ആകെ തുക 5,48,036/- രൂപ) ഒറ്റത്തവണയായി ബന്ധപ്പെട്ടവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് തിരികെ നൽകിയിട്ടുണ്ട്.

മാറ്റി വയ്ക്കപ്പെട്ട ശമ്പളവിഹിതം സർക്കാർ നിർദ്ദേശം പാലിക്കാതെ ഒറ്റത്തവണയായി ജീവനക്കാർക്ക് തിരികെ നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 09/21-22 തീയതി 24.01.23) മറുപടി ലഭിച്ചിട്ടില്ല . അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

1-24 കാരപ്പറ്റ ലക്ഷം വീട് പൊതു കിണർ നവീകരണം- ചെയ്യാത്ത പ്രവൃത്തിയ്ക്ക് തുക നൽകി

പ്രോജക്ട് നം-136/21-22

വകയിരുത്തിയ തുക- 300,000/- (CFC-Tied)

ചെലവഴിച്ച തുക - 300,000/-

ബിൽ നം =410/30-03-2022

എം ബുക്ക് നം- 80/21-22

കട്ടിപ്പാറ ഗ്രാമപഞ്ചായത്തിലെ ഏഴാം വാർഡിലെ കാരപ്പറ്റ ലക്ഷം വീട് പൊതു കിണർ നവീകരണം എന്ന പദ്ധതി പ്രകാരം ഉദ്ദേശിച്ചിരിക്കുന്നത് പൊതു കിണർ നവീകരണവും ചുറ്റുമതിൽ നിർമ്മാണവും കോംപൗണ്ടിനുള്ളിൽ ഇന്റർലോക്ക് വിരിക്കലുമാണ്. പദ്ധതി 24-01-2023 ന് സ്ഥലപരിശോധന നടത്തിയതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1) പദ്ധതി പ്രകാരം പൊതു കിണറിന് സംരക്ഷണ വലയും (ഇരുമ്പ് കമ്പി ഉപയോഗിച്ച്) ചുറ്റു മതിലിന് മുകളിൽ ഇരുമ്പ് സംരക്ഷണ വേലിയും രണ്ട് ഇരുമ്പ് വാതിലുകളും നൽകിയിട്ടുണ്ട്. ഇതിന് മെഷർമെന്റ് ബുക്കിൽ ഐറ്റം നം 15 ആയി 102.75 M3 സിന്തറ്റിക് ഇനാമൽ പെയിന്റ് ചെയ്തതായി (ഡാറ്റ നം-13.61.1 പ്രകാരം) 15-03-2022 ന് അസിസ്റ്റന്റ് എഞ്ചിനീയർ മെഷർമെന്റ് രേഖപ്പെടുത്തുകയും 16-03-2022 ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെക്ക്മെഷർ ചെയ്യുകയും ചെയ്ത് 10557.56/-രൂപ കരാറുകാരന് മേൽ ബില്ലിൽ നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഐറ്റം നം 15 ആയി പറഞ്ഞിട്ടുള്ള ഒന്നിലും സ്ഥല പരിശോധനയിൽ പെയിന്റിംഗ് പ്രവൃത്തി ചെയ്തിട്ടില്ല എന്ന് ബോധ്യപ്പെട്ടു.

2) മെഷർമെന്റ് ബുക്കിൽ മേൽ പരാമർശിച്ച ഐറ്റം നം 15 ന്റെ മെഷർമെന്റ് രേഖപ്പെടുത്തിയതിൽ കാൽക്കുലേഷൻ തെറ്റാണ്. എം ബുക്കിൽ മെഷർമെന്റ് രേഖപ്പെടുത്തിയത് കൂട്ടിയാൽ 17.45 എം2 ആണ് കിട്ടുക. എന്നാൽ എസ്റ്റിമേറ്റ് പ്രകാരം ഒരു സ്ക്വയർ മീറ്ററിന് നൽകിയിരിക്കുന്ന നിരക്കായ 102.75 എം2 എന്ന അതേ അളവാണ് ചെയ്യാത്ത പ്രവൃത്തിയ്ക്ക് പ്രവൃത്തി ചെയ്ത അളവായി തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നത്. ഈ അളവ് പ്രകാരം (102.75*102.5)= 10557.56/- രൂപ നൽകുകയാണ് ചെയ്തത്. എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഈ ഐറ്റം ആകെ 29.923 സ്ക്വയർ മീറ്ററാണ് പെയിന്റ് ചെയ്യാനുള്ളതായി പറയുന്നത്. എന്നാൽ വാല്യേഷനിൽ 102.75 എം3 പ്രവൃത്തി ചെയ്തതായാണ് അളവ് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നത്.

3) പദ്ധതിയിൽ ചതുരാകൃതിയിലുള്ള പ്രസ്തുത സ്ഥലത്തിന്റെ ഒരു സൈഡിൽ ഒഴികെ ബാക്കി മൂന്ന് ഭാഗത്തും ചുറ്റുമുള്ള ഭൂ നിരപ്പിൽ നിന്നും ഒന്നര മീറ്ററോളം ഉയരത്തിൽ ചുറ്റുമതിൽ നിർമ്മിച്ചിട്ടുണ്ട്. ഇതിന് മുകളിൽ ഒരടിയോളം ഉയരത്തിൽ ഇരുമ്പ് കമ്പി ഉപയോഗിച്ചുള്ള ഫെൻസിഗ് നൽകിയിട്ടുണ്ട്. ഭൂ നിരപ്പിൽ നിന്നും ഒന്നര മീറ്ററോളം ഉയരത്തിൽ ചുറ്റുമതിൽ ഉണ്ടായിരിക്കെ ഇതിനും മുകളിൽ ഇരുമ്പ് ഫെൻസിഗ് നൽകിയതിന്റെ ആവശ്യകത വ്യക്തമല്ല.

4) പദ്ധതിയിൽ മോണിറ്ററിംഗ് കമ്മിറ്റി പരിശോധന നടത്തുകയോ റിപ്പോർട്ട് ഫയലിൽ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

ചെയ്യാത്ത പ്രവൃത്തിയ്ക്ക് അസി.എഞ്ചിനിയർ എം ബുക്കിൽ മെഷർമെന്റ് രേഖപ്പെടുത്തുകയും ഇത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെക്ക് മെഷർ ചെയ്യുകയും ചെയ്ത് കരാറുകാരന് അനധികൃതമായി തുക നൽകിയതിന് വിശദീകരണം ആപശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (13/21-22) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെല് തുക 10557.56/- രൂപയും ഇതിന് ബില്ലിൽ നൽകിയ 12% ജി.എസ്.ടി തുകയായ 1266.9/-രൂപയും ഉൾപ്പടെ ആകെ 11824.46/-രൂപ നിരാകരിക്കുന്നു.

### 1-25 എം.സി.എഫ് സംരക്ഷണ ഭിത്തി നിർമ്മാണം-പദ്ധതി നിർവ്വഹണത്തിലെ അപാകത

പ്രോജക്ട് നം - 129/21-22

വകയിരുത്തിയ തുക- 25,00,000/- (CFC-Tied)

ചെലവ് തുക - 13 58,285/-

എം.ബുക്ക് നം - 81/21-22, 40/21-22

ബിൽ നം - 415/30-03-2022

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഒന്നാം വാർഡിൽ സ്ഥിതിചെയ്യുന്ന മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിക്കാനായി വാങ്ങിയ കെടവൂർ വില്ലേജിലെ റി.സ 9 ൽ 34 ൽ പെട്ട 88.142 സെന്റ് സ്ഥലത്ത് എം.എസ്.എഫ് പ്രവൃത്തിക്കാനാവശ്യമായ സ്ഥലം സംരക്ഷണ ഭിത്തി കെട്ടി സംരക്ഷിക്കുന്നതിനാൽ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതി പ്രകാരമുള്ള പ്രവൃത്തി സ്ഥലപരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിലും ഇതുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലും പദ്ധതി നിർവ്വഹണത്തിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1) പദ്ധതി പ്രകാരം മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിക്കാനായി വാങ്ങിയ സ്ഥലത്തിൽ കുറച്ച് ഭാഗം കരിങ്കല്ല് ഉപയോഗിച്ച് കെട്ടി ഉയർത്തി മണ്ണ് ഫിൽ ചെയ്തിട്ടുണ്ട്. എന്നാൽ ആകെയുള്ള 88.142 സെന്റ് സ്ഥലത്ത് എത്ര സെന്റ് സ്ഥലത്താണ് സംരക്ഷണ ഭിത്തി കെട്ടിയത് എന്ന് വ്യക്തമല്ല. പ്രസ്തുത സ്ഥലത്തിന് ഇരുവശത്തും സ്ഥലത്തിനുള്ളിലൂടെ സ്ഥലം ക്രോസ്സ് ചെയ്ത് ഒഴുകുന്ന തോടിനോട് ചേർന്നാണ് സംരക്ഷണ ഭിത്തി കെട്ടി മണ്ണ് ഫില്ല് ചെയ്തത്. എന്നാൽ ഈ കെട്ടി ഉയർത്തി മണ്ണ് ഫിൽ ചെയ്ത സ്ഥലത്ത് തന്നെയാണോ എം.സി.എഫ് യൂണിറ്റ് നിർമ്മിയ്ക്കാനുദ്ദേശിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല.

2) മാലിന്യ സംസ്കരണത്തിനായി വാങ്ങിയ ഈ സ്ഥലത്തിന്റെ ആധാരപ്രകാരം (താമരശ്ശേരി രജിസ്ട്രാർ ഓഫീസിലെ 952/2018-ാം നമ്പർ ആധാരപ്രകാരം, മുൻ ആധാരം നം 5865/2011) പ്ലോട്ടിന്റെ രണ്ട് ഭാഗം തോടും ഒരു ഭാഗം തോടും പഞ്ചായത്ത് റോഡും ആണ് സ്ഥിതി ചെയ്യുന്നത് എന്നാണ് കാണിച്ചിരിക്കുന്നത്. സ്ഥലപരിശോധനയിൽ പ്രസ്തുത സ്ഥലത്തിന്റെ വഴിയോട് ചേർന്ന് കിഴക്ക് ഭാഗത്തും തെക്ക് ഭാഗത്തും തോട് സ്ഥിതി ചെയ്യുന്നുണ്ട്. എന്നാൽ ഈ തോട് തെക്ക് ഭാഗത്ത് നിന്നും പ്രസ്തുത സ്ഥലത്തിന് നടുവിലൂടെ ക്രോസ്സ് ചെയ്താണ് ഒഴുകുന്നത്. ഇത് ആധാരത്തിൽ കാണിച്ചിട്ടില്ല.

3) പദ്ധതി ഫയലിൽ സംരക്ഷണ ഭിത്തി കെട്ടാനുള്ള അളവുകൾ വിശദമായി രേഖപ്പെടുത്തിയ സൈറ്റ് പ്ലാൻ, വില്ലേജിൽ നിന്നുള്ള ലൊക്കേഷൻ പ്ലാൻ എന്നിവ ലഭ്യമാക്കിയിട്ടില്ല. ഫയലിൽ ലഭ്യമാക്കിയ സൈറ്റ് പ്ലാനിൽ പ്രസ്തുത സ്ഥലത്തേയ്ക്കുള്ള വഴി കാണിച്ചിരിക്കുന്നത് സ്വകാര്യ റോഡായ "ചെമ്പ്രകുണ്ട ക്രഷർ റോഡ്" ആണ്. ഇത് പദ്ധതി സ്ഥലത്തിന്റെ തൊട്ടടുത്തുള്ള ചെമ്പ്രകുണ്ട ക്രഷറിലേക്കുള്ള സ്വകാര്യ വഴിയാണ്. പദ്ധതി സ്ഥലത്തേക്കുള്ള സ്വന്തമായ വഴി ഈ സൈറ്റ് പ്ലാനിൽ കാണിച്ചിട്ടില്ല. അതായത് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഈ സ്ഥലത്തെകുറിച്ച് വ്യക്തമായ അറിവോ രേഖകളോ ഇല്ലാതെ സ്വകാര്യ വഴി കാണിച്ച് സൈറ്റ് പ്ലാൻ തയ്യാറാക്കിയാണ് 25,00,000/-രൂപ വകയിരുത്തി നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കിയത് എന്ന് വ്യക്തമാണ്. ഓഡിറ്റ് നടത്തിയ സ്ഥലപരിശോധനയിൽ നിലവിലും മേൽ പരാമർശിച്ച സ്വകാര്യവഴിയാണ് പദ്ധതി സ്ഥലത്തേക്ക് ഉപയോഗിക്കുന്നത് എന്ന് വ്യക്തമായിട്ടുണ്ട്.

5) 2017-18 ൽ സെക്രട്ടറി നടപ്പിലാക്കിയ പദ്ധതിയിലൂടെയാണ് പ്രസ്തുത 88.142 സെന്റ് സ്ഥലം പഞ്ചായത്ത് മോഹവില കൊടുത്ത് വാങ്ങിയത്. അതായത് "ശ്രീ. ഫ്രാൻസിസ് എന്ന സിബി ഫ്രാൻസിസ് " എന്ന വ്യക്തി 2011 ൽ 'പെരുമ്പടപ്പിൽ അബ്ദുൾ നാസർ" എന്ന വ്യക്തിയിൽ നിന്നും താമരശ്ശേരി രജിസ്ട്രാർ ഓഫീസിലെ 5865/2011-ാം നമ്പർ ആധാരപ്രകാരം 2,85,500/-രൂപയ്ക്ക് വാങ്ങിയ ഈ 88.142 സെന്റ് സ്ഥലം ആറ് വർഷം കഴിഞ്ഞ് താമരശ്ശേരി തഹസിൽദാരായ 'ശ്രീ.മുഹമ്മദ് റഫീക്ക്.സി" എന്നവരുടെ 14-03-2018 ലെ G2-3146/18 നമ്പർ ലാന്റ് വാല്യൂ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 2011 ൽ വാങ്ങിയ വിലയുടെ 14 ഇരട്ടി വരുന്ന തുകയായ 40,11,291/-രൂപ മോഹവില നൽകിയാണ് 2017-18 ൽ ശ്രീ.ഫ്രാൻസിൽ നിന്നും പഞ്ചായത്ത് വാങ്ങിയത് (താമരശ്ശേരി രജിസ്ട്രാർ ഓഫീസിലെ 952/2018-ാം നമ്പർ ആധാരപ്രകാരം). എന്നാൽ പ്രസ്തുത സ്ഥലം മുഴുവൻ നാളിതുവരെ അതിർത്തി തിരിച്ച് സംരക്ഷിച്ചിട്ടില്ല. മോഹവില നൽകി വാങ്ങിയ സ്ഥലം അഞ്ച് വർഷത്തോളമായിട്ടും അതിരിട്ട് സംരക്ഷിയ്ക്കാതിരിക്കുന്നതിന് വിശദീകരണം നൽകേണ്ടതാണ്.

6) പദ്ധതിയ്ക്കായുള്ള ഈ സ്ഥലം വാങ്ങിയ 2017-18 വർഷ പദ്ധതി (52/2017) ഫയൽ പരിശോധിച്ചതിൽ നിന്നും ലഭ്യമായ സൈറ്റ് പ്ലാൻ പ്രകാരം പ്രസ്തുത സ്ഥലത്തേക്ക് പഞ്ചായത്ത് റോഡിൽ നിന്നും വഴി

കാണിയ്ക്കുന്നുണ്ട്. എന്നാൽ ഈ സൈറ്റ് പ്ലാൻ പ്രകാരം വഴിയ്ക്ക് പല അളവിലാണ് വീതിയുള്ളത് എന്ന് കാണുന്നു. പ്ലാൻ പ്രകാരം ഈ വഴിയുടെ ഏറ്റവും വീതി കുറവുള്ള ഭാഗം 1.85 മീറ്ററാണ് കാണിച്ചിരിക്കുന്നത്. അതായത് മാലിന്യ സംസ്കരണ പ്ലാന്റിനായി മോഹവില കൊടുത്ത് വാങ്ങിയ 88.142 സെന്റ് സ്ഥലത്തേക്ക് ഒരു കാറ് പോലും പോവുന്നതിനുള്ള വഴിയില്ല എന്ന് ഇതിൽ നിന്നും വ്യക്തമാണ്. സ്ഥലപരിശോധനയിൽ വഴിയായി ഈ സൈറ്റ് പ്ലാനിൽ കാണിച്ച ഭാഗം മുളങ്കാട് നിറഞ്ഞ് നിൽക്കുന്നതായാണ് കാണാൻ കഴിഞ്ഞത്. സ്വന്തമായി വഴിയില്ലാത്ത സ്ഥലത്തേക്ക് സ്വകാര്യവഴി വാക്കാൽ
അനുമതി മാത്രം വെച്ച് (ചെമ്പ്രകുണ്ട ക്രഷർ സ്ഥലയുടമയുമായി കരാർ വെച്ചിട്ടില്ല) 25 ലക്ഷം രൂപയുടെ പദ്ധതി ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്തു.

7) പ്രസ്തുത സ്ഥലം വാങ്ങിയ 2017-18 ലെ പദ്ധതി ഫയലിൽ നിന്നും ലഭ്യമായ സൈറ്റ് പ്ലാൻ പ്രകാരമുള്ള അതിരിൽ തന്നെയാണോ പ്രോജക്ട് നമ്പർ 129/21-22 പ്രകാരമുള്ള സംരക്ഷണഭിത്തി നിർമ്മിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുന്ന രേഖകൾ പ്രോജക്ട് ഫയലിൽ ലഭ്യമല്ലാത്തതിനാൽ യഥാർത്ഥ അതിർത്തിയിൽ തന്നെയാണോ സംരക്ഷണഭിത്തി കെട്ടിയതെന്ന് സ്ഥലപരിശോധനയിൽ മനസ്സിലാക്കാൻ സാധിച്ചിട്ടില്ല.

8) നിലവിൽ സ്ഥലം വാങ്ങുന്നതിനും സംരക്ഷണ ഭിത്തി ഭാഗികമായി കെട്ടുന്നതിനുമായി ഓഡിറ്റ് പിരീഡ് വരെ 5,369,576/-രൂപ ചെലവായിട്ടുണ്ട്. പ്രോജക്റ്റ് നം - 129/21-22 പ്രകാരം ചെയ്ത നിർമ്മാണത്തിന് ബാക്കി തുക നൽകാനുമുണ്ട്. ഇത് കൂടാതെ ബാക്കിയുള്ള ഭാഗങ്ങളിൽ അതിർത്തിയും സംരക്ഷണഭിത്തിയും നിർമ്മിക്കേണ്ടതിനും എം.സി.എഫ് യൂണിറ്റ് നിർമ്മിക്കുന്നതിനും വലിയ തുക ഇനിയും ആവശ്യമാണ്. ഇത്രയും വലിയ തുക മുടക്കി മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിയ്ക്കുമ്പോൾ പഞ്ചായത്തിന് മറ്റ് പദ്ധതികൾക്ക് ആവശ്യത്തിന് തുക ചെലവഴിയ്ക്കാൻ പറ്റാത്ത സാഹചര്യം ഉണ്ടാവുന്നു. വാഹനം കൊണ്ടുപോവാൻ വഴിയില്ലാത്തതും കുറുകെ തോട് ഒഴുകുന്നതുമായ സ്ഥിര പുഞ്ചയിൽപ്പെട്ടതും ഒരുഭാഗം കരിങ്കൽ പാറയായതുമായ ഈ സ്ഥലം മോഹവില കൊടുത്ത് വാങ്ങാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

ഈ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (15/21-22) മറുപടി ലഭ്യമാക്കിയിട്ടില്ല. നിലവിൽ നിർമ്മാണം നടത്തിയിരിക്കുന്ന സംരക്ഷണ ഭിത്തി ആധാരപ്രകാരമുള്ള സൈറ്റ് പ്ലാൻ, ലൊക്കേഷൻ പ്ലാൻ എന്നിവ പ്രകാരമുള്ള സ്ഥല അതിർത്തിയിൽ തന്നെയാണോ നിർമ്മിച്ചിരിക്കുന്നത് എന്ന് പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതും സ്ഥലത്തേയ്ക്കുള്ള വഴി സംബന്ധിച്ച് പരാമർശിച്ച അപാകതയ്ക്ക് വിശദ പരിശോധന നടത്തി മറുപടി നൽകേണ്ടതുമാണ്. വാഹന സൗകര്യമില്ലാത്തതും സ്ഥലത്തിന് കുറുകെ തോട് ഒഴുകുന്നതുമായ സ്ഥിര പുഞ്ചയിൽപ്പെട്ടതും ഒരു ഭാഗം പാറ നിറഞ്ഞതുമായ സ്ഥലമാണ് മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനായി മോഹവില നൽകി വാങ്ങിയത്. മേൽ അപാകതകൾ കാരണം ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-26 അമ്പായത്തോട് കുടിവെള്ള പദ്ധതി നവീകരണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് നം-131/21-22

വകയിരുത്തിയ തുക- 380,000/- (CFC)

ചെലവഴിച്ച തുക - 380,000/-

ബിൽ നം =-415/30-03-2022

എം ബുക്ക് നം - 76/21-22.

കട്ടിപ്പാറ ഗ്രാമപഞ്ചായത്തിലെ ഒൻപതാം വാർഡിൽ സ്ഥിതിചെയ്യുന്ന മേൽ കുടിവെള്ള പദ്ധതിയുടെ ഭാഗമായി പൈപ്പ് ലൈൻ നീട്ടാനും കുടിവെള്ള ടാങ്ക് സ്ഥാപിയ്ക്കാനുമാണ് പദ്ധതികൊണ്ട് ഉദ്ദേശിച്ചിരിക്കുന്നത്. പദ്ധതി നിർവ്വഹണം പരിശോധിക്കുന്നതിനായി 24-1-2023 ൽ നടത്തിയ സ്ഥല പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1) പദ്ധതി പ്രകാരം (എം ബുക്കിലെ ഐറ്റം 5 പ്രകാരം) പി.വി.സി പൈപ്പ് ഇടുന്നതിന് 281 മീറ്റർ (57.11 M3) കുഴി എടുക്കുകയും ഇതിന് 21866.85/- രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ എം ബുക്ക് ഐറ്റം നം 6,7,8 എന്നിവ പ്രകാരം മൂന്ന് വിവിധ അളവുകളിലായി ( 140 Mtr, 154 Mtr, 145.5 Mtr എന്നിങ്ങനെ) ആകെ 439.5 മീറ്റർ പി വി സി പൈപ്പ് ഇട്ടതായി 24-2-2022 ൽ അസിസ്റ്റന്റ് എഞ്ചിനിയർ മെഷർമെന്റ് രേഖപ്പെടുത്തുകയും 25-2-2022 ൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെക്ക്മെഷർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇവയ്ക്ക് യഥാക്രമം 41276.2/-, 63577.36/-, 79942.06/- എന്നിങ്ങനെ ആകെ 184795.62/-രൂപ നൽകുകയും ചെയ്തിട്ടുണ്ട്. സ്ഥലപരിശോധനയിൽ പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ച വാട്ടർ ടാങ്കിലേയ്ക്കും ടാങ്കിൽ നിന്നും പുറത്തേക്കും പൈപ്പ് ഇട്ടതായി കാണുന്നുണ്ട്. എന്നാൽ ടാങ്കിൽ നിന്നും എത്ര ദൂരത്താണ് പൈപ്പ് ഇട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുന്നതിനായി സ്റ്റോപ്പറോ ജംഗ്ഷൻ ബോക്സോ മറ്റ് അടയാളങ്ങളോ സ്ഥല പരിശോധനയിൽ വന്ന എൽ.എസ്.ജി.ഡി ഓവർസിയർക്ക് കാണിച്ചുതരാൻ സാധിച്ചിട്ടില്ല. പദ്ധതിയുടെ ഭാഗമായി പ്രോജക്ട് നം 153/21-22 പ്രകാരം നവീകരിച്ച കിണറിലേയ്ക്ക് പി.വി.സി പൈപ്പ് കണക്ഷൻ ടാങ്കിൽ നിന്നും എത്തിയിട്ടില്ല എന്ന് സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ എം ബുക്കിൽ മെഷർമെന്റ് എടുത്ത് ചെക്ക് മെഷർ ചെയ്തതായി പറയുന്ന 281മീറ്റർ കുഴിയെടുത്ത് ഇട്ട 439.5മീറ്റർ പി.വി.സി പൈപ്പ് എവിടേയ്ക്കാണ് ഇട്ടത് എന്ന് വ്യക്തമായിട്ടില്ല.

2) പദ്ധതി പ്രകാരമുള്ള കിണർ മിച്ചഭൂമിയിലാണ് സ്ഥിതി ചെയ്യുന്നത്. ഇതിനാൽ തന്നെ ഇവിടെയുള്ള നിർമ്മാണങ്ങൾക്ക് ലാന്റ് ബോർഡിന്റെ അനുമതി ആവശ്യമാണ്. കുടിവെള്ള പദ്ധതി ഫലപ്രാപ്തിയിലെത്തണമെങ്കിൽ പമ്പ് ഹൗസ് നിർമ്മിക്കുകയും ഇലക്ട്രിസിറ്റി കണക്ഷൻ എടുക്കുകയും മോട്ടോർ സ്ഥാപിക്കുകയും വേണം. ഇതിനായി ആദ്യം ലാന്റ് ബോർഡിൽ നിന്നും അനുമതി ലഭ്യമാക്കേണ്ടതാണ്. ഇത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാതെയാണ് വാട്ടർ ടാങ്കും പൈപ്പ് ലൈൻ വലിക്കലും നിർവ്വഹിച്ചിരിക്കുന്നത്.

3) 2022-23ൽ ഈ പദ്ധതി പൂർത്തീകരണത്തിനായി 400,000/-രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ ലാന്റ് ബോർഡ് അനുമതി ലഭ്യമാവാത്ത സാഹചര്യത്തിൽ പദ്ധതി എസ്റ്റിമേറ്റ് എടുക്കുന്നതിനോ തുടർ നടപടികൾ സ്വീകരിക്കുന്നതിനോ ഓഡിറ്റ് പിരീഡ് വരെ സാധിച്ചിട്ടില്ല. ഇതിനാൽ തന്നെ വലിയ തുക ചെലവഴിച്ച് സ്ഥാപിച്ച വാട്ടർ ടാങ്കും പൈപ്പ് ലൈനും നിഷ്ക്രിയ ആസ്തിയായി തുടരേണ്ട സാഹചര്യമാണ് നിലനിൽക്കുന്നത്.

4) പദ്ധതി പ്രകാരം 281 മീറ്റർ പൈപ്പിടാൻ കുഴിയെടുക്കുകയും 439.5 മീറ്റർ പൈപ്പ് ഇടുകയും ചെയ്തതായി എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഒരു ഗുണഭോക്താവിന്റെ വീട്ടിലും പൈപ്പ് കണക്ഷൻ എത്തിയിട്ടില്ല എന്ന് സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടു.

5) പദ്ധതി മോണിറ്റർ ചെയ്തതായ മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം ഫയലിലോ വർക്കിംഗ് ഗ്രൂപ്പ് മിനുട്സിലോ ലഭ്യമല്ല.

മിച്ച ഭൂമിയിൽപ്പെട്ട സ്ഥലത്ത് പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ ലാന്റ് ബോർഡിൽ നിന്നും അനുമതി വാങ്ങാതെ പദ്ധതിയ്ക്ക് തുക ചെലവഴിച്ച് നിർമ്മിച്ച കുടിവെള്ള ടാങ്ക് നിഷ്ക്രിയ ആസ്തിയായി തുടരുന്നതിനും മെഷർമെന്റ് ബുക്ക് പ്രകാരം ചെയ്തതായി പറയുന്ന പൈപ്പ് ഇടൽ പ്രവൃത്തി സ്ഥലപരിശോധനയിൽ കാണിച്ചുതരാൻ സാധിയ്ക്കാത്തതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( 14/21-22) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾ കാരണം ചെലവ് തുക തടസ്സപ്പെടുത്തുന്നു. ചെലവഴിച്ച തുക നിഷ്ക്രിയ ആസ്തിയായി മാറാതിരിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-27 വട്ടപ്പൊയിൽ നടവഴി കോൺക്രീറ്റ്-പദ്ധതി ഫലപ്രാപ്തിയിലെത്തിയില്ല

പ്രോജക്റ്റ് നം-112/21-22

വകയിരുത്തിയ തുക- 200,000/-

ചെലവഴിച്ച തുക - 200,000/-

ബിൽ നം –343/10-03-2022

കട്ടിപ്പാറ ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡിൽ ഉൾപ്പെട്ട മേൽ നടവഴി കോൺക്രീറ്റ് ചെയ്ത് ഗതാഗതയോഗ്യമാക്കുക എന്നതാണ് പദ്ധതികൊണ്ട് ഉദ്ദേശിച്ചിരിക്കുന്നത്. പദ്ധതി പ്രകാരമുള്ള നിർമ്മാണം 24-01-2023 ന് സ്ഥലപരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1) വഴി ഗതാഗത യോഗ്യമാക്കാനാണ് പദ്ധതി ഉദ്ദേശിച്ചിരുന്നത് എങ്കിലും ആകെ കോൺക്രീറ്റ് ചെയ്ത 44.65 മീറ്റർ കഴിഞ്ഞുള്ള ഭാഗം വലിയ കരിങ്കല്ലുകൾ പാകിയ നിലയിലാണുള്ളത്.

2) ഗുണഭോക്താക്കളായ ഒരാളുടെ വീട്ടിലേക്ക് പോലും ഇരുചക്ര വാഹനം എത്തിക്കാൻ പദ്ധതിയിലൂടെ സാധിച്ചിട്ടില്ല.

3) പദ്ധതി ഫലപ്രാപ്തിയിലെത്താൻ 2022-23 ൽ തുടർ പ്രോജക്ട് രൂപീകരിച്ചിട്ടില്ല.

4) പ്രോജക്ട് മെഷർമെന്റ് എടുത്ത എം ബുക്ക് പ്രകാരം നിർമ്മാണം നടത്തിയ 44.65 മീറ്ററും ഒരു മീറ്റർ വീതിയിലാണ് എന്നാണ് മെഷർമെന്റ് രേഖപ്പെടുത്തിയിരിക്കുന്നതും ചെക്ക് മെഷർ ചെയ്തിരിക്കുന്നതും. എന്നാൽ സ്ഥല പരിശോധനയിൽ വിവിധ ചെയിനേജുകളിൽ 1.1 മീറ്റർ, 0.95 മീറ്റർ എന്നിങ്ങനെയാണ് അളവുകളുള്ളതെന്ന് ബോധ്യപ്പെട്ടു. മെഷർമെന്റ് രേഖപ്പെടുത്തുന്ന അസിസ്റ്റന്റ് എഞ്ചിനീയർ കൃത്യമായി പരിശോധന നടത്തിയല്ല മെഷർമെന്റ് രേഖപ്പെടുത്തുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാണ്.

5) മോണിറ്ററിംഗ് കമ്മിറ്റി പരിശോധന നടത്തുകയോ റിപ്പോർട്ട് ഫയലിൽ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

പദ്ധതികൾ ഉദ്ദേശ്യലക്ഷ്യം പൂർണ്ണമായും നടപ്പിലാവും വിധം ആസൂത്രണം ചെയ്യാതെ വാർഡ് അടിസ്ഥാനത്തിൽ പദ്ധതി തുക വീതം വെയ്ക്കുന്നതിനാലാണ് പദ്ധതികൾ ഫലപ്രാപ്തിയിലെത്തുന്ന തരത്തിൽ മുഴുവൻ തുകയും വകയിരുത്താൻ സാധിക്കാത്തത്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (12/21-22)മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾ കാരണം ചെലവു തുക തടസ്സത്തിൽ വെക്കുന്നു. ചെലവഴിച്ച തുക ഫലപ്രാപ്തിയിലെത്തുന്ന തരത്തിൽ തുടർ പ്രവർത്തനങ്ങൾ നടപ്പിലാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കാരപ്പറ്റ ലക്ഷം വീട് പൊതു കിണർ നവീകരണം- ചെയ്യാത്ത പ്രവൃത്തിയ്ക്ക് തുക നൽകി

പ്രോജക്റ്റ് നം-136/21-22

വകയിരുത്തിയ തുക- 300,000/- (CFC-Tied)

ചെലവഴിച്ച തുക - 300,000/-

ബിൽ നം –410/30-03-2022

എം ബുക്ക് നം- 80/21-22

കട്ടിപ്പാറ ഗ്രാമപഞ്ചായത്തിലെ ഏഴാം വാർഡിലെ കാരപ്പറ്റ ലക്ഷം വീട് പൊതുകിണർ നവീകരണം എന്ന പദ്ധതി പ്രകാരം ഉദ്ദേശിച്ചിരിക്കുന്നത് പൊതുകിണർ നവീകരണവും ചുറ്റുമതിൽ നിർമ്മാണവും

കോംപൗണ്ടിനുള്ളിൽ ഇന്റർലോക്ക് വിരിക്കലുമാണ്. പദ്ധതി 24-01-2023 ന് സ്ഥലപരിശോധന നടത്തിയതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1) പദ്ധതി പ്രകാരം പൊതു കിണറിന് സംരക്ഷണ വലയും (ഇരുമ്പ് കമ്പി ഉപയോഗിച്ച്) ചുറ്റു മതിലിന് മുകളിൽ ഇരുമ്പ് സംരക്ഷണ വേലിയും രണ്ട് ഇരുമ്പ് വാതിലുകളും നൽകിയിട്ടുണ്ട്. ഇതിന് മെഷർമെന്റ് ബുക്കിൽ ഐറ്റം നം 15 ആയി 102.75എം3 സിന്തറ്റിക് ഇനാമൽ പെയിന്റ് ചെയ്തതായി (ഡാറ്റ നം-13.61.1 പ്രകാരം) 15-03-2022 ന് അസിസ്റ്റന്റ് എഞ്ചിനീയർ മെഷർമെന്റ് രേഖപ്പെടുത്തുകയും 16-03-2022 ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെക്ക് മെഷർ ചെയ്യുകയും ചെയ്ത് 10557.56/-രൂപ കരാറുകാരന് മേൽ ബില്ലിൽ നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഐറ്റം നം 15 ആയി പറഞ്ഞിട്ടുള്ള ഒന്നിലും സ്ഥലപരിശോധനയിൽ പെയിന്റിംഗ് പ്രവൃത്തി ചെയ്തിട്ടില്ല എന്ന് ബോധ്യപ്പെട്ടു.

2) മെഷർമെന്റ് ബുക്കിൽ മേൽ പരാമർശിച്ച ഐറ്റം നം 15 ന്റെ മെഷർമെന്റ് രേഖപ്പെടുത്തിയതിൽ കാൽക്കുലേഷൻ തെറ്റാണ്. എം ബുക്കിൽ മെഷർമെന്റ് രേഖപ്പെടുത്തിയത് കൂട്ടിയാൽ 17.45എം2 ആണ് കിട്ടുക. എന്നാൽ എസ്റ്റിമേറ്റ് പ്രകാരം ഒരു സ്ക്വയർ മീറ്ററിന് നൽകിയിരിക്കുന്ന നിരക്കായ 102.75/-രൂപ എന്ന അതേ അളവാണ് ചെയ്യാത്ത പ്രവൃത്തിയ്ക്ക് പ്രവൃത്തി ചെയ്ത അളവായി തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നത്. ഈ അളവ് പ്രകാരം (102.75*102.5)= 10557.56/- രൂപ നൽകുകയാണ് ചെയ്തത്. എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഈ ഐറ്റം ആകെ 29.923 സ്ക്വയർ മീറ്ററാണ് പെയിന്റ് ചെയ്യാനുള്ളതായി പറയുന്നത്. എന്നാൽ വാല്വേഷനിൽ 102.75 എം3 പ്രവൃത്തി ചെയ്തതായാണ് അളവ് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നത്.

3) പദ്ധതിയിൽ ചതുരാകൃതിയിലുള്ള പ്രസ്തുത സ്ഥലത്തിന്റെ ഒരു സൈഡിൽ ഒഴികെ ബാക്കി മൂന്ന് ഭാഗത്തും ചുറ്റുമുള്ള ഭൂനിരപ്പിൽ നിന്നും ഒന്നര മീറ്ററോളം ഉയരത്തിൽ ചുറ്റുമതിൽ നിർമ്മിച്ചിട്ടുണ്ട്. ഇതിന് മുകളിൽ ഒരടിയോളം ഉയരത്തിൽ ഇരുമ്പ് കമ്പി ഉപയോഗിച്ചുള്ള ഫെൻസിംഗ് നൽകിയിട്ടുണ്ട്. ഭൂനിരപ്പിൽ നിന്നും ഒന്നര മീറ്ററോളം ഉയരത്തിൽ ചുറ്റുമതിൽ ഉണ്ടായിരിക്കെ ഇതിനും മുകളിൽ ഇരുമ്പ് ഫെൻസിംഗ് നൽകിയതിന്റെ ആവശ്യകത വ്യക്തമല്ല.

4) പദ്ധതിയിൽ മോണിറ്ററിംഗ് കമ്മിറ്റി പരിശോധന നടത്തുകയോ റിപ്പോർട്ട് ഫയലിൽ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

ചെയ്യാത്ത പ്രവൃത്തിയ്ക്ക് അസിസ്റ്റന്റ് എഞ്ചിനീയർ എം ബുക്കിൽ മെഷർമെന്റ് രേഖപ്പെടുത്തുകയും ഇത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെക്ക് മെഷർ ചെയ്യുകയും ചെയ്ത് കരാറുകാരന് അനധികൃതമായി തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (13/21-22) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെല് തുക 10557.56/- രൂപയും ഇതിന് ബില്ലിൽ നൽകിയ 12% ജി.എസ്.ടി തുകയായ 1266.9/-രൂപയും ഉൾപ്പടെ ആകെ 11824.46/-രൂപ നിരാകരിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|

| | | |
|---|---|---|
| 2021-22 | 20.01.2023, 21.01.2023 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ച |

## 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|
| കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 60000 | നെൽ കൃഷി വികസനം | 60000 |
| | | 1500000 | ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി (ജനറൽ) | 1500000 |
| | | 100040 | അങ്കണവാടി അനുപൂരക പോഷകാഹാരം (ജനറൽ) | 100040 |
| | | 540000 | ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി (പട്ടികജാതി) | 540000 |
| | | 513100 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്/ബത്ത നൽകൽ | 513100 |
| | | 200000 | മിൽക്ക് ഇൻസെന്റീവ് | 200000 |
| | | 300000 | മിൽക്ക് ഇൻസെന്റീവ് (വനിത) | 300000 |
| | | 200000 | കാർഷികവിള സംരക്ഷണത്തിന് സൗരോർജ്ജ വേലി | 200000 |
| കോഴിക്കോട് ജില്ലാ പഞ്ചായത്ത് | 2021-22 | 72000 | നെൽ കൃഷി വികസനം | 72000 |
| | | 480000 | ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി (ജനറൽ) | 480000 |
| | | 1500000 | ലൈഫ് സമ്പൂർണ്ണ | 1500000 |

| | | | | |
|---|---|---|---|---|
| | | | ഭവനപദ്ധതി (പട്ടികജാതി) | |
| | | 550000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്/ബത്ത നൽകൽ | 550000 |
| | | 64158 | മിൽക്ക് ഇൻസെന്റീവ് | 64158 |
| | | 600000 | മിൽക്ക് ഇൻസെന്റീവ് (വനിത) | 600000 |
| | | 200000 | കാർഷികവിള സംരക്ഷണത്തിന് സൗരോർജ്ജ വേലി | 200000 |

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | ഘടക സ്ഥാപനങ്ങളിൽ കുഴൽ കിണർ സ്ഥാപിക്കൽ | 220101068 Dtd 15-03-2022 | 77510 | 0 | 77510 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | അമരാട് അങ്കണവാടിയിൽ കുഴൽ കിണർ സ്ഥാപിക്കൽ | 22100939 Dtd 21-03-2022 | 36855 | 0 | 36855 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | ക്വാറി അങ്കണവാടി കുഴൽ കിണർ സ്ഥാപിക്കൽ | 22100938 Dtd 21-03-22 | 32955 | 0 | 32955 |

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ / വായ്പാ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻ വർഷം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം തിരിച്ചടച്ച | വർഷാവസാനം |
|---|---|---|---|---|---|

| | | എടുത്ത വായ്പ തുക | ബാക്കിയുണ്ടായിരുന്ന തുക | തുക | | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | തുക |
| കെ.യു.ആർ.ഡി.എഫ്.സി ലോൺ | സ.ഉ (സാധാ) നം. Go(MS)68/2018/ തി.18.05.2018 | 260000 | 7672000 | 1583999 | | 6348001 |

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| - | - | 2013-14 (അവലോകനം) | 6.4 | തെരുവ് വിളക്ക് സംരക്ഷണം | തുടരുന്നു |
| | | 2013-14 (അവലോകനം) | 6.4.1 | തെരുവ് വിളക്ക് സ്ഥാപിച്ചതിന് രേഖകളില്ല | -ടി- |
| 2014-15 | 2-2 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി അപാകതകൾ | -ടി- |
| 2015-16 | 2-4 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി അപാകതകൾ | -ടി- |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം/ഖണ്ഡിക | സർട്ടിഫിക്കറ്റ് നം | ഉത്തരവാദി | തുക | തുക അടവാക്കി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | യതിന്റെ വിവരം |
| 2009-10/3-2 | | ശ്രീ. സത്യൻ, മെമ്പർ | 3640 | - |
| 2009-10/3-2 | | ശ്രീ. ഇ. കെ അഗസ്റ്റിൻ, മെമ്പർ | 3640 | - |
| 2009-10/3-2 | | ശ്രീമതി. സാലി ഇമ്മാനുവൽ, മെമ്പർ | 3640 | - |
| 2009-10/3-2 | | ശ്രീ. അബ്ദുൾ കരീം, മെമ്പർ | 3640 | - |
| 2009-10/3-2 | | ശ്രീ. സെയ്തുട്ടി ഹാജി, മെമ്പർ | 3640 | |
| 2009-10/3-2 | | ശ്രീ. കെ. ആർ രാജൻ, മെമ്പർ | 3640 | - |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 10,43,86,778 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,21,98,757 |
| വരവിനങ്ങളിലുള്ള നഷ്ടം | - |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 11,824.46 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 21,45,871 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-24 | | 11824.46 | ശ്രീ.അഹമ്മദ് മുനീർ.എം അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-10 | 1,78,766 | ശ്രീ. എം. എ. റഷീദ്, സെക്രട്ടറി |
| 1-13 | 80,000 | ശ്രീമതി.ജ്യോതി വി ദേവ് വെറ്ററിനറി സർജൻ |
| 1-15 | 1,500 | ശ്രീ. എം. എ. റഷീദ്, സെക്രട്ടറി |
| 1-17 | 1,47,320 | ശ്രീ. എം. എ. റഷീദ്, സെക്രട്ടറി |
| 1-25 | 13,58,285 | ശ്രീ.അഹമ്മദ് മുനീർ.എം അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-26 | 3,80,000 | ശ്രീ.അഹമ്മദ് മുനീർ.എം അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 21,45,871 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.എം.എ.റഷീദ്, സെക്രട്ടറി | സെക്രട്ടറി, കട്ടിപ്പാറ ഗ്രാമപഞ്ചായത്ത് | ചെറിയങ്ങേൽ (വീട്), എളേറ്റിൽ (പി. ഒ), കൊടുവള്ളി, കോഴിക്കോട് |
| ശ്രീമതി.ജ്യോതി വി ദേവ് വെറ്ററിനറി സർജൻ. | വെറ്ററിനറി സർജൻ കട്ടിപ്പാറ ഗ്രമപഞ്ചായത്ത്. | |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡികകളുടെ വിശദാംശങ്ങൾ |
|---|---|---|---|

| | | | |
|---|---|---|---|
| 2009-10 | കെ.എസ്.എ.കെ.കെ.ഡി. പി1/379(2)/2022 തീ-26-10-22 | 1 | 3-2 |
| 2013-14& 2014-15 | കെ.എസ്.എ.കെ.കെ.ഡി. പി1/379(5)/2022 തീ-26-10-22 | 1 | 2-2 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി. പി1/379(6)/2022 തീ-26-10-22 | 2 | 2-4(1), 2-4(2) |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി. പി1/379(7)/2022 തീ-26-10-22 | 5 | 3-4,3-5, 3-6, 3-7, 3-9 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി. പി1/379(8)/2022 തീ-26-10-22 | 4 | 2-1,2-2(3), 3-5, 3-7 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി. പി1/379(9)/2022 തീ-26-10-22 | 9 | 1-3, 1-10, 1-11,1-15, 1-21, 1-23, 1-24, 1-38, 3-1, |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി. പി1/954/2021 തീ-20.04.2022 | 16 | 1-2-1, 1-2-4, 1-4-1, 1-4-2,1-10, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-25, 1-26, 4-2, 4-10, 4-11 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി. പി1/792/2022 തീ-16.05.2022 | 30 | 1-1മുതൽ 1-30വരെ |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്